# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ.പി.9/1060/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോന്നി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.പിറ്റിഎ.പി.9/1060/2023 തീയ്യതി: 22/11/2023

## പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി എ,ഓഡിറ്റ് ഓഫീസർ

ശ്രീ. മഹേഷ് കുമാർ കെ. ആർ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർഗ്രേഡ് ഓഡിറ്റർ

ശ്രീ. അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുലേഖ വി. നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജയപാലൻ ആർ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. സി.പി. മുരളീകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 01-06-2022 | 06-10-2022 |
| ശ്രീ. സുനി ബി.റ്റി. | സെക്രട്ടറി | 07-10-2022 | 31-03-2023 |
| ശ്രീ. സി.പി. മുരളീകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ.വിനോദ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി ഷിഫാന ഫാസിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-07-2022 |
| ശ്രീ സഹിൽ എസ്.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 12-07-2022 | 25-07-2022 |
| ശ്രീ. ജോൺ വിക്ടർ ബി.എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-07-2022 | 31-03-2023 |
| ഡോ.അജയ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 14-07-2022 |
| ഡോ. ഗ്രേസ് മറിയം ജോർജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 15-07-2022 | 31-03-2023 |
| ഡോ. അർച്ചന എസ്.പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. പ്രവീൺ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 12-07-2022 |
| ഡോ. സ്ലീബാ വർഗീസ് | വെറ്ററിനറി സർജൻ | 13-07-2022 | 30-07-2022 |
| ഡോ. ശെമ്പകനാരായണൻ | വെറ്ററിനറി സർജൻ (ഇൻചാർജ്ജ്) | 31-07-2022 | 18-08-2022 |
| ഡോ. ഷീജാ ബീവി | വെറ്ററിനറി സർജൻ | 19-08-2022 | 09-01-2023 |
| ഡോ. ശെമ്പകനാരായണൻ | വെറ്ററിനറി സർജൻ | 10-01-2023 | 31-03-2023 |
| ശ്രീമതി അമ്പിളി സി.എം. | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സൂര്യ ബി. രാജ് | ഐ.സി.ഡി.എസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി ഗീതാകുമാരി പി. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജനാ മോഹൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി അജ്മി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 24-02-2023 |
| ശ്രീ. ഗിരീഷ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 25-02-2023 | 31-03-2023 |
| ശ്രീ.രമേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 25-07-2022 |
| ശ്രീ. ഗിരീഷ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 26-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടം പ്രകാരമുള്ള വിവരങ്ങൾ സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഐ.സി.ഡി.എസ്. നീക്കിയിരിപ്പ് കൃത്യമല്ല | 1-1-4 |
| 6 | ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് കൃത്യമല്ല | 1-1-6 |
| 8 | ശബരിമല ഗ്രാന്റ് നീക്കിയിരിപ്പ് കൃത്യമല്ല | 1-1-7 |
| 9 | ജലനിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | സെക്യൂർഡ് ലോൺ ഫ്രം സ്റ്റേറ്റ് ഗവൺമെന്റ് നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടില്ല. | 1-1-10 |
| 12 | സെക്യൂർഡ് ലോൺ ഫ്രം കോ-ഓപ്പറേറ്റീവ്ബാങ്ക് കണക്കുകൾ കൃത്യമല്ല | 1-1-11 |
| 13 | സെക്യൂർഡ് ലോൺസ്-ലോൺ ഫ്രം കെയുആർഡിഎഫ്.സി-ലോൺ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. | 1-1-12 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | അഡ്വാൻസായി പിരിച്ചെടുത്ത തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. | 1-1-14 |
| 16 | വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-17 |
| 19 | ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-18 |
| 20 | അദർ അഡ്വാൻസ്- തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. | 1-1-19 |
| 21 | നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ തുക ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല. | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |

| | | |
|---|---|---|
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമപദ്ധതികൾ | 1-7 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-11 |
| 32 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-12 |
| 33 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 34 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-14 |
| 35 | വിനോദ നികുതി പിരിച്ചെടുക്കുന്നില്ല. | 1-15 |
| 36 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-16 |
| 37 | രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-17 |
| 38 | ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം, വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത | 1-18 |
| 39 | ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു | 1-19 |
| 40 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം പാർക്കിംഗ് സ്ഥലം കെട്ടി അടച്ച് ഗോഡൗണാക്കി മാറ്റി | 1-20 |
| 41 | പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു | 1-21 |
| 42 | മൊബൈൽ ടവറുകൾ ക്രമവത്ക്കരിക്കുന്നതിന് പകരം പെർമിറ്റ് അനുവദിച്ചു, ഫീസ് കണക്കാക്കിയതും കൃത്യമല്ല | 1-22 |
| 43 | അനധികൃത കൂട്ടിച്ചേർക്കൽ വരുത്തിയവ ക്രമവത്ക്കരിച്ചില്ല, പ്ലോട്ടിൽ പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചു | 1-23 |
| 44 | മൊബൈൽ ടവറുകളുടെ ക്രമവത്ക്കരണ ഫീസ് കണക്കാക്കിയത് കൃത്യമല്ല | 1-24 |
| 45 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-25 |
| 46 | വസ്തു നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളത് 0.56 കോടി രൂപ. | 1-26 |
| 47 | പാർശ്വഭിത്തി നിർമ്മാണത്തിൽ ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിനു നിരക്ക് നൽകി. | 1-27 |
| 48 | ശബരിമല ഇടത്താവളം നവീകരണം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല. | 1-28 |
| 49 | ബഡ്സ് സ്കൂളിനായുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനായില്ല. | 1-29 |

| | | |
|---|---|---|
| 50 | മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിച്ച 1.75 കോടി രൂപ ലാപ്സായി. | 1-30 |
| 51 | കൃഷി ഭവൻ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനായില്ല. | 1-31 |
| 52 | പൊതുടാപ്പുകളുടെ വെള്ളക്കരം 26.01 ലക്ഷം | 1-32 |
| 53 | തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ- വൗച്ചറുകൾ ആധികാരികമല്ല | 1-33 |
| 54 | കുടിവെള്ള വിതരണം- അപാകതകൾ | 1-34 |
| 55 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം- അപാകതകൾ | 1-35 |
| 56 | പത്രപ്പരസ്യം നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച് | 1-36 |
| 57 | ലാപ്ടോപ് വിതരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-37 |
| 58 | വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ ചെലവിനാധാരമായ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല | 1-38 |
| 59 | മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നു ലഭ്യമായിട്ടില്ല. | 1-39 |
| 60 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-40 |
| 61 | ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-41 |
| 62 | സദ്ഭരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-42 |
| 63 | ഹരിതകർമ്മസേനയ്ക്ക് ലഭിച്ച ഇലക്ട്രിക് മുച്ചക്ര വാഹനം ഉപയോഗിക്കുന്നില്ല | 1-43 |
| 64 | ദുരിതാശ്വാസനിധി ക്രിയാത്മകമാക്കേണ്ടതാണ് | 1-44 |
| 65 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി- ചട്ടങ്ങൾ പാലിക്കുന്നില്ല | 1-45 |
| 66 | ഫോറം 7 A ക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല | 1-46 |
| 67 | കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ് | 1-47 |
| 68 | തൊഴിലുറപ്പ് പദ്ധതി- സാമൂഹ്യ വനവത്കരണം പദ്ധതി ലക്ഷ്യം കണ്ടില്ല | 1-48 |
| 69 | സൈൻ ബോർഡുകൾ പുനരുപയോഗിക്കുന്നില്ല | 1-49 |
| 70 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല | 1-50 |
| 71 | ഓഡിറ്റ് ഇംപാക്ട് | 1-51 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 22-07-2023 ലെ 8(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 24-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോന്നി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി കോന്നി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ |
| 22/11/2023 | ജില്ലാ ഓഡിറ്റ് കാര്യാലയം |

### 1-1-1 അക്കൗണ്ടിംഗ് ചട്ടം പ്രകാരമുള്ള വിവരങ്ങൾ സമർപ്പിച്ചിട്ടില്ല

.കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10881775 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash

Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10395343 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

### 1-1-4 ഐ.സി.ഡി.എസ്. നീക്കിയിരിപ്പ് കൃത്യമല്ല

ഷെഡ്യൂൾ B4-ഐ.സി.ഡി.എസ്. (Code No- 320100196) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന തുക(1510422) കൃത്യമല്ല. ടി ഇനത്തിലെ 213666 രൂപയുടെ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-5 ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ B4- ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ ഇനത്തിൽ (Code No- 320100198) 3991318 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. അക്കൗണ്ടിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന രീതിയിൽ മുൻവർഷങ്ങളിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ അക്കൗണ്ടിൽ നിന്നും ക്രമീകരിച്ച തുകയുടേയും നീക്കിയിരിപ്പിന്റെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല.

### 1-1-6 ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് കൃത്യമല്ല

ഷെഡ്യൂൾ B4:- ഗ്രാന്റ് ഫോർ സ്പെസിഫിക് പർപ്പസസ്- ഹെൽത്ത് ഗ്രാന്റ് ടുവാർഡ്സ് കൺവേർഷൻ ഓഫ് പിഎച്ച്സി ആൻഡ് സബ്സെന്റേർസ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ-(Code No- 320100204) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന തുക(246556) കൃത്യമല്ല. പാസ്സ്ബുക്ക് ബാലൻസ് 192715 രൂപയാണ്. ടി ഇനത്തിലെ 53841 രൂപയുടെ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-7 ശബരിമല ഗ്രാന്റ് നീക്കിയിരിപ്പ് കൃത്യമല്ല

ഷെഡ്യൂൾ B4:- ശബരിമല ഗ്രാന്റ് (Code No- 320100204) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന തുക(2752410) കൃത്യമല്ല. ചെലവ് പത്രിക പ്രകാരം 274713 രൂപയുടെ ചെലവഴിച്ചിട്ടുണ്ട്. ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-8 ജലനിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ B4:- ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ്-ആദർ ഗവൺമെന്റ് ഏജൻസീസ്-ജലനിധി (Code No- 320300102) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന തുക(495765) കൃത്യമല്ല. പാസ്സ്ബുക്ക് ബാലൻസ് 498724 രൂപയാണ്. ആയത് പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-1-9 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-4-ഡെവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേസിക് ടാക്സ്ഗ്രാന്റ് (Code No- 320200104), ഡെവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് (Code No- 320200113) എന്നീ ഇനങ്ങളിലെ ആകെ നീക്കിയിരിപ്പ് തുകയും (8195252) ഷെഡ്യൂൾ ബി-17 ലെ ബാങ്ക് ബാലൻസ് തുകയും (8107631) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-10 സെക്യൂർഡ് ലോൺ ഫ്രം സ്റ്റേറ്റ് ഗവൺമെന്റ് നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടില്ല.

ഷെഡ്യൂൾ ബി-5- സെക്യൂർഡ് ലോൺ ഫ്രം സ്റ്റേറ്റ് ഗവൺമെന്റ് (Code No- 330200101)-ൽ 180000 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടില്ല.

### 1-1-11 സെക്യൂർഡ് ലോൺ ഫ്രം കോ-ഓപ്പറേറ്റീവ്ബാങ്ക് കണക്കുകൾ കൃത്യമല്ല

ഷെഡ്യൂൾ ബി-5- സെക്യൂർഡ് ലോൺ ഫ്രം കോ-ഓപ്പറേറ്റീവ്ബാങ്ക്- (Code No- 330500102)-ൽ ഇ.എം.എസ്. പദ്ധതിയ്ക്കായി ലോൺ എടുത്ത ഇനത്തിൽ 339125 രൂപ തിരികെ ഒടുക്കുവാൻ ശേഷിക്കുന്നുണ്ട്. എന്നാൽ

ഇ.എം.എസ്. പദ്ധതിയ്ക്കായി സർക്കാർ അനുമതി പ്രകാരം ലോൺ എടുത്ത 13900500 രൂപ തിരികെ ഒടുക്കിയിട്ടുള്ളതാണ്. ആയതിനാൽ കണക്കുകൾ കൃത്യമാക്കി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

### 1-1-12 സെക്യൂർഡ് ലോൺസ്-ലോൺ ഫ്രം കെയുആർഡിഎഫ്.സി-ലോൺ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

ഷെഡ്യൂൾ ബി-5:- സെക്യൂർഡ് ലോൺസ്-ലോൺ ഫ്രം കെയുആർഡിഎഫ്.സി- (Code No- 330500201) 2021-22 വർഷം 160000 രൂപ കെയുആർഡിഎഫ്.സി ലോൺ ഇനത്തിൽ വരവുണ്ടെന്നും ആയത് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ലെന്നും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. ആയത് പരിഹരിച്ചിട്ടില്ലാത്തതിനാൽ ലോൺ നീക്കിയിരിപ്പ് (653311രൂപ) രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

### 1-1-13 ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി-7- ഡെപ്പോസിറ്റ് റിസീവ്ഡ്- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് /സപ്ളയേഴ്സ് /ബിഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് /സപ്ളയേഴ്സ് /ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ തുടങ്ങിയവയുടെ മുന്നിരിപ്പ് ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

### 1-1-14 അഡ്വാൻസായി പിരിച്ചെടുത്ത തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധനയിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

### 1-1-15 വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-45), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-16 വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി-15:- റെന്റ് റിസീവബിൾ ഫ്രം ബിൽഡിംഗ്സ് (അരിയർ) - കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാടക കുടിശിക ഇനത്തിൽ ഈടാക്കുവാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

### 1-1-17 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്- അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-16:- പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്- അക്കൗണ്ടിംഗ് കൃത്യമല്ലായെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. മുൻവർഷ തുക തന്നെയാണ് തൻവർഷവും ഈയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-18 ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി-18- ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് (Code No- 460100103)-മുൻവർഷ തുക (250000) ഈ വർഷവും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-19 അദർ അഡ്വാൻസ്- തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ഷെഡ്യൂൾ ബി-18- അദർ അഡ്വാൻസ് (Code No- 460100199)-മുൻവർഷ തുക (69160) ഈ വർഷവും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-20 നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ തുക ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുക വിനിയോഗ

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 13799145 |
| വരവ് | 280714000 |
| ആകെ | 294513145 |
| ചെലവ് | 286179000 |
| നീക്കിയിരിപ്പ് | 8334145 |

പരിഷ്കരിച്ച ബജറ്റ് 13.03.2023 തീയതിയിലെ 9/1 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട്)

| | |
|---|---|
| മുന്നിരിപ്പ് | 48834164 |
| വരവ് | 58994173 |
| ആകെ | 107828337 |
| ചെലവ് | 48112398 |
| നീക്കിയിരിപ്പ് | 59715939 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| വരവ് | 197559599 |
| ചെലവ് | 182257653 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ലാപ്സായതുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21485946 | 21485946 | 19966463 | 0 | 1519483 |
| വികസനഫണ്ട് (SCP) | 0 | 8236054 | 8236054 | 7781908 | 0 | 454146 |
| വികസനഫണ്ട് (TSP) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 5431669 | 8398669 | 13830338 | 2079655 | 5109043 | 879371 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 147821 | 3963421 | 4111242 | 3056541 | 916158 | 138543 |
| ഹെൽത്ത് ഗ്രാന്റ് (Towards Support For Diagnostic Infrastructure To PHCs) | 0 | 421181 | 421180 | 0 | 421181 | 0 |
| ഹെൽത്ത് ഗ്രാന്റ് (Towards Conversion Of PHCs And Subcentres In To Health And Wellness Centre) | 0 | 246556 | 246556 | 53841 | 192715 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 34619000 | 34619000 | 19712407 | 14908593 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7060000 | 7060000 | 4423927 | 2636073 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | | |
| എസ്.എസ്.എ. | 683232 | 18635 | 701867 | 0 | 0 | 701867 |
| ശബരിമല ഗ്രാന്റ് | 1976710 | 776000 | 2752410 | 0 | 0 | 2752410 |
| ജലനിധി | 478691 | 20023 | 498714 | 0 | 0 | 498714 |
| ശുചിത്വ മിഷൻ | 3931318 | 183500 | 4114818 | 123500 | 0 | 3991318 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | | |
| എം.ജി.എൻ.ആർ.ജി.എസ്. | 392616 | 392135450 | 392528066 | 391333887 | 0 | 1194179 |
| ഐ.സി.ഡി.എസ്. | 251534 | 1258888 | 1510422 | 213666 | 0 | 1296756 |

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

1. വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ്ചെയ്ത തുക വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 720429 |
| ,, | അങ്കണവാടി അധിക വേതനം | 1620600 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 763323 |

2. വികസന ഫണ്ട് (ജനറൽ),വികസനഫണ്ട് (എസ്.സി.പി) എന്നീ ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവ് സുലേഖ ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റ്പ്രകാരം ചെലവ് യഥാക്രമം 19966463, 7781908 എന്നിങ്ങനെയാണ്.

## 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 343 | 171056095 | 220 | 68136614 | 0 | 145 | 64 |

2. 3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 923378 | 906579 |
| 2 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 6 | 4 | 1860619 | 957998 |
| 3 | കൃഷി ഓഫീസർ | 10 | 9 | 5393034 | 2927017 |
| 4 | സെക്രട്ടറി | 48 | 36 | 29188958 | 11140926 |
| 5 | വെറ്ററിനറി സർജൻ | 8 | 6 | 5493078 | 434900 |

| | | | | | |
|---|---|---|---|---|---|
| 6 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 6 | 10397000 | 3990519 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 6 | 46965540 | 13285540 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 6 | 6493054 | 4573279 |
| 9 | ഡയറിഫാം ഇൻസ്റ്റക്ടർ | 1 | 1 | 400000 | 370071 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 2576750 | 2184017 |
| 11 | ഹെഡ്മാസ്റ്റർ | 4 | 2 | 1400000 | 1000000 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 226 | 130 | 59784684 | 26329216 |
| 14 | ഫിഷറീസ് ഓഫീസർ | 1 | 1 | 180000 | 36552 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരംചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 392616 | 3038172 | 3430788 | 2236609 | 1194179 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 389097278 | 389097278 | 389097278 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2988900 | 257 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4549000 | 415 |
| വിധവാ പെൻഷൻ | 11845400 | 1096 |
| വാർദ്ധക്യകാല പെൻഷൻ | 37021200 | 3475 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 299200 | 26 |
| തൊഴിൽ രഹിത വേതനം | 3360 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023 തീയതിയിൽ 12.45 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 23691 (ഇരുപത്തിമൂവായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരുടെ ചുമതലാ വിഭജനം നടത്തിവരുന്നുണ്ട്. ഇംകംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മറ്റി, ജനറൽ കമ്മറ്റി എന്നിവയുടെ മിനിട്സുകൾ യഥാവിധി പരിപാലിച്ചു പോരുന്നുണ്ട്. ഗ്രാമസഭയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. വർക്കിംഗ് കമ്മറ്റി മിനിട്സ് പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 07-03-2014മുതൽ 21-03-2014 വരെ | 2008-09 മുതൽ 2012-13വരെ | വിവരം ലഭ്യമാക്കിയില്ല |
| പെർഫോമൻസ് ഓഡിറ്റ് | 22.06.2022 മുതൽ 23.06.2022 വരെ | 01/22 മുതൽ 03/22 വരെ | 07.07.2022 |

## 1-11 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

നികുതി വരുമാനം

വസ്തുനികുതി, തൊഴിൽ നികുതി, സിനിമാ തീയേറ്ററിൽ നിന്നുമുള്ള വിനോദനികുതി എന്നിവയാണ് പഞ്ചായത്തിന്റെ നികുതിയിനത്തിലുള്ള വരുമാന മാർഗ്ഗങ്ങൾ. അവ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വസ്തുനികുതി ഡിമാന്റിന്റെ 62% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. വസ്തുനികുതി കുടിശ്ശികയിനത്തിൽ 56 ലക്ഷത്തോളം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. 10.06.2019-ൽ സിനിമാ തീയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി സർക്കാർ പുന:സ്ഥാപിച്ചെങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തീയേറ്ററിൽ നിന്നും വിനോദനികുതി പിരിച്ചെടുക്കാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കാത്തതുമൂലം ഈയിനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

ഓഡിറ്റ് വർഷത്തെ നികുതി പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 17275674 | 10649024 | 6626650 | 61.64 |
| തൊഴിൽ നികുതി-ജീവനക്കാർ | 3501320 | 3501320 | 0 | 100% |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 847730 | 847730 | 0 | 100% |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതിയേതര വരവിനങ്ങളുടെ പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 8563754 | 10649024 | 2085270 | 24.35 |
| തൊഴിൽ നികുതി-ജീവനക്കാർ | 3257220 | 3501320 | 244100 | 7.49 |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 825020 | 847730 | 22710 | 2.75 |

മുൻ വർഷത്തെ അപേക്ഷിച്ച് വസ്തുനികുതിയിൽ 24.35 ശതമാനത്തിന്റെയും ജീവനക്കാരുടെ തൊഴിൽനികുതിയിൽ 7.49 ശതമാനത്തിന്റെയും ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രഡേഴ്സിന്റെ തൊഴിൽ നികുതിയിൽ 2.75 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതിയുടെ കളക്ഷൻ തുക തന്നെ ഡിമാന്റായി സാംഖ്യയിൽ രേഖപ്പെടുത്തുന്ന പ്രവണതയും നിലനിൽക്കുന്നുണ്ട്.

നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 847720 | 847720 | 100 | 100 |
| വാടക | 1259151 | 1223172 | 35979 | 97.14 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 366055 | 366055 | 0 | 100 |

| | | | | |
|---|---|---|---|---|
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 198310 | 198310 | 0 | 100 |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതിയേതര വരവിനങ്ങളുടെ പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 730800 | 847720 | 116920 | 16 |
| വാടക | 842735 | 1223172 | 380437 | 45.14 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 259919 | 366055 | 106136 | 40.83 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 95543 | 198310 | 102767 | 107.56 |

മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

1.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെ ത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്തു വരുന്നുണ്ട്. ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് സ്വീകരിക്കാവുന്ന ചില നടപടികൾ ചുവടെ പരാമർശിക്കുന്നു.

1. പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളായിരുന്നു ശ്രീനാരായണപുരം മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവ്, ഇറച്ചി വില്പനയ്ക്കുള്ള അവകാശ ലേലം എന്നിവ. ടൗണിന്റെ കണ്ണായ ഭാഗത്തുള്ള മാർക്കറ്റിന്റെ നിലവിലെ സ്ഥിതി ശോചനീയമാണ്. അശാസ്ത്രീയമായി നിർമ്മിച്ച കെട്ടിടങ്ങളിൽ പലതും ഉപയോഗിക്കാതെ കിടക്കുകയാണ്. മാലിന്യ നിക്ഷേപത്തിനുള്ള ഒരു സ്ഥലമായി മാർക്കറ്റ് മാറിയിരിക്കുകയാണ്. ടൗണിന്റെ ഹൃദയഭാഗത്താണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വൃത്തിയില്ലായ്മയും നിമിത്തം മാർക്കറ്റിൽ കയറാൻ ആളുകൾ മടിക്കുന്ന സ്ഥിതിയാണ്. തൻമൂലം മാർക്കറ്റിലെ സ്റ്റാളുകൾ ലേലത്തിനെടുക്കാനും ആളുകൾ തയ്യാറാകുന്നില്ല. ലക്ഷക്കണക്കിന് രൂപ മുടക്കി ആധുനിക മത്സ്യ സ്റ്റാളുകൾ നിർമ്മിച്ചെങ്കിലും ആരും ലേലത്തിനെടുക്കാൻ തയ്യാറാകുന്നില്ല. മാർക്കറ്റിൽ ഇറച്ചി വിൽപ്പനയ്ക്കുള്ള അവകാശവും ലേലം ചെയ്യുന്നില്ല. മാർക്കറ്റ് വരവിനത്തിൽ ലഭിക്കേണ്ടതായ ലക്ഷക്കണക്കിന് രൂപയാണ് ഇത്തരത്തിൽ നഷ്ടമാവുന്നത്. പഞ്ചായത്തിൽ നിന്നും 500രൂപ മാത്രം ലൈസൻസ് ഫീസടച്ച് മൂന്ന് ഇറച്ചിക്കടകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ രണ്ടെണ്ണം മാർക്കറ്റ് സ്റ്റാളിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ഇറച്ചി വിൽപ്പന നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകിയിരുന്നെങ്കിൽ നല്ലൊരു തുക വരുമാനമായി ലഭിക്കുമായിരുന്നു.

ഇപ്പോൾ മാർക്കറ്റ് നിൽക്കുന്ന സ്ഥലത്ത് പൊതു ജനങ്ങളെ ആകർഷിക്കുന്ന രീതിയിൽ സൗകര്യങ്ങളും വൃത്തിയുമുള്ള ഒരു ആധുനിക മാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ് . വിശദമായ പഠനം നടത്തി, മാസ്റ്റർ പ്ലാൻ തയ്യാറാക്കി ശാസ്ത്രീയമായി മാത്രം പദ്ധതി നടപ്പിലാക്കേണ്ടതാണ്.

ടൗണിനുള്ളിൽ മത്സ്യ വ്യാപാരത്തിന് ലൈസൻസ് നൽകുന്നത് നിയന്ത്രിച്ചും വഴിയോരങ്ങളിലെ അനധികൃത മത്സ്യ വ്യാപാരം തടഞ്ഞും മത്സ്യ മാർക്കറ്റിൽ കച്ചവടം ചെയ്യുന്നതിലേക്ക് വ്യാപാരികളെ നിർബന്ധിതരാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

2. മാർക്കറ്റിന് മുൻവശത്ത് റോഡ് സൈഡിലുള്ള സ്ഥലത്ത് പുതിയ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. ടൗണിന്റെ ഹൃദയഭാഗത്ത് പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയോട് ചേർന്നായതിനാൽ വാടകയിനത്തിൽ നല്ല വരുമാനം ലഭിക്കുന്നതാണ്.

3. പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ പൊതുപരിപാടികൾക്കുവേണ്ടി നിലവിൽ വാടകയ്ക്ക് നൽകുന്നുണ്ട്. ഈയിനത്തിൽ ചെറിയ തുക വരുമാനമായി ലഭിക്കുന്നുണ്ട്. ഹാൾ നവീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ കല്യാണം ഉൾപ്പെടെയുള്ള ചടങ്ങുകൾക്കും പരിപാടികൾക്കുമായി വാടകയ്ക്ക് നൽകാൻ സാധിക്കുന്നതാണ്. സൗകര്യങ്ങൾക്കനുസരിച്ച് ന്യായമായ വാടകയും ഈടാക്കാവുന്നതാണ്.

4. വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട്, പഞ്ചായത്തിന് വരുമാനം ലഭിക്കുന്ന രീതിയിൽ പ്രസ്തുത സ്ഥലങ്ങളിൽ വിനോദ സഞ്ചാര സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

2.വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതിയും 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം എന്നിവ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ആളെ നിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ പൂർത്തിയായിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് 11.09.2023-ലെ 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല. 2011-ന് ശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ, റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ആകെ 138 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിപക്ഷം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 778 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ആകെ 138 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലുള്ളത്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ്

തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി പിരിച്ചെടുക്കാത്തത് മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd |
| 2 | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ | 1st & 2nd |
| 3 | അക്ഷയ സെന്റർ, കോന്നി ടൗൺ | 1st & 2nd |
| 4 | അക്ഷയ സെന്റർ, ചിറ്റൂർ മുക്ക് | 1st & 2nd |
| 5 | ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, എലിയറയ്ക്കൽ | 1st & 2nd |
| 6 | ഐ.സി.ഐ.സിഐ. ബാങ്ക്, കോന്നി | 1st & 2nd |
| 7 | പനംതോട്ടത്തിൽ സ്വർണ്ണപ്പണയം | 1st & 2nd |
| 8 | ഡോ. ആർ.കെ. ഐ ഹോസ്പിറ്റൽ, | 1st & 2nd |
| 9 | ഡോ. സുബിൻസ് ഡെന്റൽ കെയർ, ആനക്കൂട് റോഡ് | 1st & 2nd |
| 10 | അശ്വതി ആയുർവ്വേദ ക്ലിനിക്ക് | 1st & 2nd |
| 11 | താമരശ്ശേരിൽ ആയുർവ്വേദ | 1st & 2nd |
| 12 | വേദഗ്രാം ആയുർവ്വേദ, കോന്നി | 1st & 2nd |
| 13 | ക്രിസ്തുരാജ് ഹോസ്പിറ്റൽ, വകയാർ | 1st & 2nd |
| 14 | എം.ജി.എം.ഡയഗണോസിസ് സെന്റർ | 1st & 2nd |
| 15 | ലൈഫ്കെയർ ഹോസ്പിറ്റൽ & ഡയബറ്റിക് റിസർച്ച് സെന്റർ | 1st & 2nd |
| 16 | ജെ.എസ്.എം. ഫയർ & സേഫ്റ്റി സ്വലൂഷൻസ് | 1st & 2nd |
| 17 | രാജൻ റബർ നഴ്സറി, അട്ടച്ചാക്കൽ | 1st & 2nd |
| 18 | ശ്രീ ശാസ്ത റിംഗ് വർക്ക്സ്, അട്ടച്ചാക്കൽ | 1st & 2nd |
| 19 | ശബരി ഓഡിറ്റോറിയം | 1st & 2nd |
| 20 | വിഭാൻ സ്പോർട്ട്സ് അക്കാദമി | 1st & 2nd |
| 21 | വർക്കൗട്ട് വേൾഡ്, എലിയറയ്ക്കൽ | 1st & 2nd |
| 22 | ശബരി പ്രസ്സ്, മുരിങ്ങമംഗലം | 1st & 2nd |
| 23 | ഡെൽഹിവെരി പ്രൈ. ലിമിറ്റഡ് | 1st & 2nd |
| 24 | കിന്റർകെയർ ക്ലിനിക്ക്, മഞ്ഞക്കടമ്പ് | 1st & 2nd |
| 25 | പേൾസ് പ്ലാന്റ്സ് & പ്ലോട്ട്സ്, എലിയറയ്ക്കൽ | 1st & 2nd |
| 26 | ജിയോ ഫിനാൻസിയേഴ്സ് | 1st & 2nd |
| 27 | അമ്പാടി ലോട്ടറി ഏജൻസി | 1st & 2nd |
| 28 | ദീപ്തി ലോട്ടറി | 1st & 2nd |
| 29 | അർച്ചന ലോട്ടറീസ് | 1st & 2nd |
| 30 | കെ.എസ്.ഇ.ബി. ഓഫീസ്, കോന്നി | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ | 1st & 2nd |

| | | |
|---|---|---|
| 2 | അക്ഷയ സെന്റർ, കോന്നി ടൗൺ | 1st & 2nd |
| 3 | അക്ഷയ സെന്റർ, ചിറ്റൂർ മുക്ക് | 1st & 2nd |
| 4 | മുട്ടത്ത് ഓട്ടോ കോംപ്ലക്സ്, 11/563 | 1st & 2nd |
| 5 | ഗ്രെയ്സ് മെഡിക്കൽ സെന്റർ, 16/1061 | 1st & 2nd |
| 6 | മെഡികെയർ ഡയഗണോസിസ് ലബോറട്ടറി, 17/524B | 1st & 2nd |
| 7 | എ.കെ.മീറ്റ്സ് & കോൾഡ് സ്റ്റോറേജ്, 12/372B | 1st & 2nd |
| 8 | കുളത്തുങ്കൽ എന്റർപ്രൈസസ്, 12/325 | 1st & 2nd |
| 9 | ബാബൂസ് മാരുതി സർവ്വീസ്, 8/476 | 1st & 2nd |
| 10 | ത്രിവേണി സൂപ്പർമാർക്കറ്റ്, 17/1011 | 1st & 2nd |
| 11 | പി.കെ.വി. ബ്രിക്ക്സ്, 1/345A | 1st & 2nd |
| 12 | ജ്യോതിസ്സ് ഇൻഡസ്ട്രീസ്, 10/61A | 1st & 2nd |
| 13 | ശാന്തി തീയറ്റർ, കോന്നി | 1st & 2nd |
| 14 | വൈശാഖം ബിഗ് ബസാർ, 16/264A | 1st & 2nd |
| 15 | യുവ മോട്ടോഴ്സ്, 17/341C | 1st & 2nd |
| 16 | ഗ്രാന്റ് സ്റ്റോൺ പാലസ്, 13/549A, B | 1st & 2nd |
| 17 | അലങ്കാർ സിൽക്ക്സ് & സാരീസ്, 2/316 B,C, D, E, F, G | 1st & 2nd |
| 18 | ന്യൂ അലങ്കാർ ഹൈപ്പർമാർക്കറ്റ്, 11/361A | 1st & 2nd |
| 19 | മാർജിൻ ഫ്രീ മാർക്കറ്റ്, 16/917 | 1st & 2nd |
| 20 | പ്രീതി ടെക്സ്റ്റൈൽസ്, 16/602A | 1st & 2nd |
| 21 | സന്തോഷം ഗാർഡൻസ്, | 1st & 2nd |
| 22 | ചെങ്ങളത്ത് ക്വാറി ഇൻഡസ്ട്രീസ് | 1st & 2nd |
| 23 | കോന്നി കൊച്ചിൻ ഗ്രാനൈറ്റ്സ്, ബ്രിക്ക്സ്, 7/227 | 1st & 2nd |
| 24 | വകയാർ എസ്.സി.ബി. | 1st & 2nd |
| 25 | കാവുങ്കൽ ഫ്യൂവൽസ്, 12/307 | 1st & 2nd |
| 26 | ആർട്ടിസ് മെഡികെയർ, 10/87A,B | 1st & 2nd |
| 27 | നാഷണൽ ട്രേഡിംഗ് കമ്പനി, 17/622, 623, 624 | 1st & 2nd |
| 28 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, 17/745 | 1st & 2nd |
| 29 | ഗ്രീൻമാർട്ട് ഹൈപ്പർമാർക്കറ്റ്, 17/571A | 1st & 2nd |
| 30 | പെർഫെക്ട് ഏജൻസീസ്, എച്ച്.പി.ഡീലർ, കോന്നി | 1st & 2nd |
| 31 | സൂര്യ ഫർണീച്ചർ ഇൻഡസ്ട്രീസ്, 5/497 | 1st & 2nd |
| 32 | അഗാസി ടെക്നോളജീസ്, 18/273F | 1st & 2nd |
| 33 | ലീമാറ്റ് എന്റർപ്രൈസസ്, 2/435, 436 | 1st & 2nd |

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ

നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല. ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ |
| 2 | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ |
| 3 | അക്ഷയ സെന്റർ, കോന്നി ടൗൺ |
| 4 | അക്ഷയ സെന്റർ, ചിറ്റൂർ മുക്ക് |
| 5 | ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, എലിയറയ്ക്കൽ |
| 6 | എം.ജി.എം.ഡയഗണോസിസ് സെന്റർ |
| 7 | ലൈഫ്കെയർ ഹോസ്പിറ്റൽ & ഡയബറ്റിക് റിസർച്ച് സെന്റർ |
| 8 | ഡോ. ആർ.കെ. ഐ ഹോസ്പിറ്റൽ, |
| 9 | ഡോ. സുബിൻസ് ഡെന്റൽ കെയർ, ആനക്കൂട് റോഡ് |
| 10 | അശ്വതി ആയുർവ്വേദ ക്ലിനിക്ക് |
| 11 | താമരശ്ശേരിൽ ആയുർവ്വേദ |
| 12 | വേദഗ്രാം ആയുർവ്വേദ, കോന്നി |
| 13 | ക്രിസ്തുരാജ് ഹോസ്പിറ്റൽ, വകയാർ |
| 14 | കിന്റർകെയർ ക്ലിനിക്ക്, മഞ്ഞക്കടമ്പ് |
| 15 | പേൾസ് പ്ലാന്റ്സ് & പ്ലോട്ട്സ്, എലിയറയ്ക്കൽ |
| 16 | ജെ.എസ്.എം. ഫയർ & സേഫ്റ്റി സ്വലൂഷൻസ് |
| 17 | രാജൻ റബർ നഴ്സറി, അട്ടച്ചാക്കൽ |
| 18 | ശ്രീ ശാസ്ത റിംഗ് വർക്ക്സ്, അട്ടച്ചാക്കൽ |
| 19 | ശബരി ഓഡിറ്റോറിയം |
| 20 | വിഭാൻ സ്പോർട്ട്സ് അക്കാദമി |
| 21 | വർക്കൗട്ട് വേൾഡ്, എലിയറയ്ക്കൽ |
| 22 | ശബരി പ്രസ്സ്, മുരിങ്ങമംഗലം |
| 23 | ഡെൽഹിവെരി പ്രൈ. ലിമിറ്റഡ് |
| 24 | ശാന്തി സിനിമാസ്, കോന്നി |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ

തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-14 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിലെ 17-ാം വാർഡിൽ 524/I നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മോർ റീട്ടെയ്ൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീയായി 1000രൂപയാണ് ഈടാക്കിയിട്ടുള്ളത്. സേവനമേഖലയിൽ പ്രവർത്തിക്കുന്ന ടി.സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 95 ലക്ഷം രൂപയാണെന്ന് ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്മാൾ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്ന ടി.സ്ഥാപനത്തിൽ നിന്നും 5000രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാമായിരുന്നു.

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/12.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന ലൈസൻസ് ഫീസ് ടി.സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതും, സാധുവായ രേഖകളുടെ അടിസ്ഥാനത്തിൽ അവയുടെ ആധികാരികത പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വിനോദ നികുതി പിരിച്ചെടുക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശാന്തി സിനിമാസ് (എസ്. സിനിമാസ്) തീയേറ്ററിൽനിന്നും വിനോദനികുതി പിരിച്ചെടുക്കുന്നില്ല. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഒഴിവാക്കിയ സിനിമ ടിക്കറ്റിൻമേലുള്ള വിനോദനികുതി 2019-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 6 പ്രകാരം പുനസ്ഥാപിച്ചിരുന്നു. 10.06.2019-ലെ സ.ഉ.(കൈ)നം.63/2019/ ത.സ്വ.ഭ.വ. ഉത്തരവിൽ സിനിമാ ടിക്കറ്റുകൾക്ക് 10% വിനോദ നികുതി ഈടാക്കേണ്ടതാണെന്നും നിഷ്കർച്ചു. പിന്നീട് 31.08.2019-ലെ സ.ഉ.(കൈ)നം.112/ 2019/ത.സ്വ.ഭ.വ. ഉത്തരവിലൂടെ നികുതി നിരക്കിൽ ഭേദഗതി വരുത്തുകയും 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമായി നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ നിരക്കിന്റെ പ്രാബല്യ തീയതി 01.09.2019 ആയിരുന്നു. ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 22.06.2021-ലെ സ.ഉ.(സാധാ)നം. 1195/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സിനിമാ തീയേറ്ററുകൾക്കുള്ള വിനോദനികുതി 2020-21 വർഷത്തേക്ക് ഇളവ് ചെയ്തു കൊടുക്കുകയും 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ നികുതി ഇളവു ചെയ്ത് നൽകാൻ 22.11.2021-ലെ സ.ഉ.(സാധാ)നം. 2358/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. 01.01.2022 മുതൽ വീണ്ടും വിനോദനികുതി പ്രാബല്യത്തിലുണ്ട്.

എന്നാൽ സർക്കാർ പുന:സ്ഥാപിച്ച വിനോദനികുതി പിരിച്ചെടുക്കുന്നതിന് യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ടിക്കറ്റ് വിൽപ്പനയുടെ വിവരങ്ങൾ തീയേറ്ററിൽ നിന്നും യഥാസമയം ശേഖരിച്ച് പഞ്ചായത്തിന് ലഭിക്കേണ്ട നികുതി കണക്കാക്കി, ഈടാക്കിയെടുക്കുന്നതിൽ വീഴ്ചയുണ്ടായി. ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൈറ്റിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത തീയേറ്ററിൽ 81 പ്ലാറ്റിനം സീറ്റുകൾക്ക് 150 രൂപ നിരക്കിലും 368 ഗോൾഡ് സീറ്റുകൾക്ക് 110രൂപ നിരക്കിലുമാണ് ടിക്കറ്റ് ചാർജ്ജ് ഈടാക്കി വരുന്നത്. ആയത് പ്രകാരം കണക്കാക്കുമ്പോൾ ഭീമമായ തുകയുടെ നികുതി നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

വിനോദനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി പ്രാബല്യത്തിലുണ്ടായിരുന്ന കാലയളവിൽ പ്രേക്ഷകരിൽ നിന്നും തീയേറ്ററുകാർ വിനോദനികുതിയിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് പഞ്ചായത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, എലിയറയ്ക്കൽ |
| 2 | ഒപ്റ്റിക്മാർട്ട് ഐ ക്ലിനിക്ക് & ഒപ്റ്റിക്കൽസ് |
| 3 | ജനറൽ ക്ലിനിക്ക്, 16/961 |
| 4 | ഡോ. ആർ.കെ. ഐ ഹോസ്പിറ്റൽ, |
| 5 | ഡോ. സുബിൻസ് ഡെന്റൽ കെയർ, ആനക്കൂട് റോഡ് |
| 6 | അശ്വതി ആയുർവ്വേദ ക്ലിനിക്ക് |
| 7 | താമരശ്ശേരിൽ ആയുർവ്വേദ |
| 8 | വേദഗ്രാം ആയുർവ്വേദ, കോന്നി |
| 9 | ക്രിസ്തുരാജ് ഹോസ്പിറ്റൽ, വകയാർ |
| 10 | എം.ജി.എം.ഡയഗണോസിസ് സെന്റർ |
| 11 | ലൈഫ്കെയർ ഹോസ്പിറ്റൽ & ഡയബറ്റിക് റിസർച്ച് സെന്റർ |
| 12 | ഓഷ്യാസ് സഹ്യാദ്രി ആയുർവ്വേദ ഹോസ്പിറ്റൽ & വെൽനസ്സ് ബ്യൂട്ടി ക്ലിനിക്ക് |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 1999 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ഐ.എ.എസ്. ട്യൂഷൻ സെന്റർ, എലിയറയ്ക്കൽ |
| 2 | എയിംസ് സ്റ്റഡി സെന്റർ, കോന്നി |
| 3 | മോഡേൺ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കോന്നി |
| 4 | യൂണിവേഴ്സൽ കോളേജ്, കോന്നി |
| 5 | എൻ.എസ്.എസ്. കമ്പ്യൂട്ടർ സെന്റർ, കോന്നി |
| 6 | ഗ്രോയിംഗ് സ്റ്റാർസ് ട്യൂഷൻ സെന്റർ, മാർക്കറ്റ് ജംഗ്ഷൻ |
| 7 | ജി-ടെക്ക് എഡ്യൂക്കേഷൻ സെന്റർ, കോന്നി |
| 8 | ശ്രീമഹാദേവാ ട്യൂഷൻ സെന്റർ, ഇളകൊള്ളൂർ |

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 30.09.2015- ലെ സി.ആർ.എം.പി.നമ്പർ 3526/13

/LA2/2015/KeSCPCR ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 267-ം വകുപ്പ് പ്രകാരം, രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിൻ മേൽ 1000/- രൂപ വരെ പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സെക്രട്ടറിയും ഭരണ സമിതിയും സ്വീകരിക്കേണ്ടതാണ്.

## 1-18 ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം, വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത

കോന്നി വില്ലേജ്, ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 64/1-ലുള്ള 80ച.മീ. പ്ലോട്ടിൽ 104.90ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ (ഗണം എഫ്) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. പ്രസന്നകുമാർ, തണ്ണീർപന്തലിൽ വീട്ടിൽ എന്നയാൾക്ക് 06.01.2022-ൽ A1-BA(6945)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 50 പ്രകാരം ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്കുള്ള വിശേഷാൽ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തിയാണ് പെർമിറ്റിന് അപേക്ഷിച്ചിരുന്നത്. നിർമ്മാണം പൂർത്തിയാക്കി 02.12.22-ൽ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗം അസി.എഞ്ചിനീയർ 15.12.22-ൽ പരിശോധന നടത്തുകയും 17/493B, 17/493C എന്നീ കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഒന്നാം നില പാർപ്പിടാവശ്യത്തിനുള്ളതാണ്. പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | പെർമിറ്റ് പ്രകാരം | | കംപ്ലീഷൻ പ്ലാൻ പ്രകാരം | |
|---|---|---|---|---|
| | വിസ്തീർണ്ണം | വിനിയോഗ ഗണം | വിസ്തീർണ്ണം | വിനിയോഗ ഗണം |
| സെല്ലാർ | - | - | 47.81 | ഓപ്പൺ |
| തറനിരപ്പ് നില | 47.77 | വാണിജ്യാവശ്യം | 47.81 | വാണിജ്യാവശ്യം |
| ഒന്നാം നില | 47.77 | വാണിജ്യാവശ്യം | 47.81 | പാർപ്പിടാവശ്യം |
| രണ്ടാം നില (സ്റ്റെയർ റൂം) | 9.36 | വാണിജ്യാവശ്യം | 14.80 | പാർപ്പിടാവശ്യം |
| ആകെ | 104.9 | | 158.23 | |

ശ്രീ പ്രസന്നകുമാറിന്റെ പേരിൽ റീ സർവ്വേ നം.64/1-ലുണ്ടായിരുന്ന 160ച.മീ. ഭൂമിയിൽ നിന്നും 80ച.മീ. ടിയാന്റെ ഭാര്യയായ പുഷ്പ പ്രസന്നകുമാറിന് 25.09.2021-ൽ ധനനിശ്ചയാധാരം ചെയ്തു നൽകിയിരുന്നു(സർവ്വേ നം.64/1-1) അപ്രകാരം ചെറു പ്ലോട്ടായി പരിവർത്തനപ്പെടുത്തിയാണ് ശ്രീ പ്രസന്നകുമാർ പെർമിറ്റിന് അപേക്ഷ സമർപ്പിച്ചത്. അതിനു ശേഷം സർവ്വേ നം. 64/1-1-ലുള്ള 80 ച.മീ. പ്ലോട്ടിൽ 82.07ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി പുഷ്പ പ്രസന്നകുമാർ അപേക്ഷ സമർപ്പിക്കുകയും 21.02.22-ൽ A1-BA(65059)/2022 നമ്പരായി പെർമിറ്റ് അനുവദിക്കുകയും ചെയ്തു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 17/493D (34.38ച.മീ.) എന്ന കെട്ടിട നമ്പറും അനുവദിച്ചിട്ടുണ്ട്. ശ്രീ പ്രസന്നകുമാറിന്റെ കെട്ടിടത്തോട് ചേർത്താണ് ടി. കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | പെർമിറ്റ് പ്രകാരം | | കംപ്ലീഷൻ പ്ലാൻ പ്രകാരം | |
|---|---|---|---|---|
| | വിസ്തീർണ്ണം | വിനിയോഗ ഗണം | വിസ്തീർണ്ണം | വിനിയോഗ ഗണം |
| സെല്ലാർ | - | - | 34.38 | ഓപ്പൺ |
| തറനിരപ്പ് നില | 37.20 | വാണിജ്യാവശ്യം | 34.38 | വാണിജ്യാവശ്യം |
| ഒന്നാം നില | 37.20 | വാണിജ്യാവശ്യം | - | - |
| രണ്ടാം നില (സ്റ്റെയർ റൂം) | 7.67 | വാണിജ്യാവശ്യം | - | - |
| ആകെ | 82.07 | | 68.76 | |

ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ ശ്രീമതി പുഷ്പ പ്രസന്നകുമാറിന്റെ കെട്ടിടത്തിന് ഒന്നാം നില

നിർമ്മിച്ചിട്ടുള്ളതായും പഞ്ചായത്തിൽ നിന്നുള്ള ഒക്യൂപ്പൻസിയോ കെട്ടിട നമ്പറോ വാങ്ങാതെ വാടകയ്ക്ക് നൽകിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു. കെട്ടിടത്തിന്റെ സെല്ലാർ നിലയിൽ ദൂരപരിധി പാലിക്കാതെയും അനുമതി വാങ്ങാതെയും കിണർ നിർമ്മിക്കുകയും കെട്ടിടത്തിന്റെ വശങ്ങളിൽ നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ അനധികൃത നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻട്രൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ് നിർമ്മിച്ചിട്ടുമില്ല. കൂടാതെ കെട്ടിടത്തിന്റെ ടെറസ്സിൽ അനധികൃതമായി ഷീറ്റ് മേൽക്കൂര നിർമ്മിച്ചിട്ടുമുണ്ട്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്ന് നിലകൾ വരെയുള്ളതും 10മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യൂപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെയും ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്.




അനധികൃത നിർമ്മാണം വ്യക്തമാക്കുന്ന ചിത്രങ്ങൾ

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലും അപാകതകളുണ്ട് പ്രവേശനമാർഗ്ഗമുള്ള റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 17-ാം വാർഡിൽ പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ-യുടെ അതിരിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 15 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററില് കൂടുതൽ ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായി ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഒക്യൂപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/12.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡ്ഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർമ്മാണം ചട്ടങ്ങൾ പാലിക്കുന്നതാണെങ്കിൽ ക്രമവത്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചട്ടങ്ങൾ പാലിക്കുന്നില്ലായെങ്കിൽ U/A നമ്പർ നൽകി നികുതി നിർണ്ണയിക്കുകയും പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ തുടരേണ്ടതുമാണ്. സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യൂപ്പൻസി അനുവദിച്ചു

കോന്നി വില്ലേജ് , ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 270/25-4, 270/25-5 -ലുള്ള 241ച.മീ. പ്ലോട്ടിൽ 459.25ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ (ഗണം എഫ്) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ഹാഷിം എച്ച്., മണ്ണിൽ, കോന്നി, ശ്രീ നിസാറുദ്ദീൻ, നിയാസ് മൻസിൽ എന്നിവർക്ക് 21.08.2020-ൽ A1-4926/2020 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. സർവ്വേ നം. 270/5-4-ലുള്ള 141ച.മീ., ഭൂമി ശ്രീ നിസാറുദ്ദീൻ, നിയാസ് മൻസിലിന്റെയും 270/25-5-ലുള്ള 100ച.മീ. ഭൂമി ശ്രീ. ഹാഷിം എച്ച്., മണ്ണിൽ, കോന്നി-യുടെയും ഉടമസ്ഥതയിലാണ്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണ

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം |
|---|---|
| സെല്ലാർ | 144.55 |
| തറനിരപ്പ് നില | 144.55 |
| ഒന്നാം നില | 144.55 |
| രണ്ടാം നില (സ്റ്റെയർ റൂം) | 25.60 |
| ആകെ | 459.25 |

നിർമ്മാണം പൂർത്തിയാക്കിയപ്പോൾ ശ്രീ ഹാഷിം എച്ച്., ശ്രീ നിയാസുദ്ദീൻ എന്നിവർ പ്രത്യേകമായാണ് കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയത്. ശ്രീ ഹാഷിം എച്ച്. ഹാജരാക്കിയ കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ 10/665A, 10/665B എന്നീ കെട്ടിട നമ്പറുകൾ 11.10.2022-ൽ അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിഭാഗം അസി.എഞ്ചിനീയറുടെ 24.09.22-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 204.03 ച.മീറ്ററാണ്. 270/25-5-ലുള്ള 100ച.മീ. പ്ലോട്ടിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളതായാണ് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ്പ് ഏരിയ | ഫ്ലോർ ഏരിയ |
|---|---|---|
| സെല്ലാർ | 63.45 | പാർക്കിംഗ് |
| തറനിരപ്പ് നില | 63.45 | 49.50 |
| ഒന്നാം നില | 63.45 | 49.50 |
| രണ്ടാം നില (സ്റ്റെയർ റൂം) | 13.68 | 10.94 |
| ആകെ | 204.03 | 109.94 |

ഹാഷിം എച്ച്.-ന്റെ ഉടമസ്ഥതയിലുള്ള പ്ലോട്ടിന്റെ വിസ്തീർണ്ണം 100ച.മീറ്ററാണ്. അത് പ്രകാരം കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ കവറേജ് 63.45 ശതമാനമാണ്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 27 പട്ടിക 6 പ്രകാരം കാറ്റഗറി രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ എഫ് വിനിയോഗ ഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി കവറേജ് 60 ശതമാനമാണ്. ആയത് പ്രകാരം 100 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ഏതൊരു നിലയിലും നിർമ്മിക്കാൻ കഴിയുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 60 ച.മീ. മാത്രമാണ്. എന്നാൽ ടി.കെട്ടിടത്തിന്റെ സെല്ലാർ, ഒന്ന്, രണ്ട് നിലകളിൽ 63.45 ച.മീ. വ്യാപ്തിയിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്. നിർമ്മാണം നടന്നിട്ടുള്ള പ്ലോട്ടിനോട് ചേർന്നുള്ള പുനലൂർ-മൂവാറ്റുപുഴ റോഡ് സൈഡിലുള്ള പ്ലോട്ടും ഹാഷിം എച്ച്.-ന്റെ തന്നെ ഉടമസ്ഥതയിലായതിനാൽ ചട്ടം 50 പ്രകാരം ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്കുള്ള ഇളവുകൾക്കും അർഹതയില്ലാത്തതാകുന്നു.

കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 50-ൽ 125ച.മീറ്ററിൽ കവിയാത്ത വിസ്തീർണ്ണമുള്ള ചെറു പ്ലോട്ടുകളിലെ കെട്ടിടനിർമ്മാണത്തിന് ബാധകമായ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഒന്നോ അതിലധികമോ പ്ലോട്ടുകളുടെ വിഭജനം വഴിയുള്ള ഒരു പ്ലോട്ടിലോ അതിൽ കൂടുതൽ പ്ലോട്ടുകളിലോ പ്രത്യേകമായോ, ഒന്ന് മറ്റൊന്നിനോട് ചേർന്നോ ഉള്ള വ്യത്യസ്ഥ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അപ്രകാരം വിഭജിക്കപ്പെട്ട പ്ലോട്ടുകളിൽ ഒന്നിൽക്കൂടുതൽ പ്ലോട്ടുകളുടെ ഉടമയായിരിക്കുകയോ, നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് മറ്റൊരു പ്ലോട്ട് ഉണ്ടായിരിക്കുകയോ ചെയ്യുന്ന വ്യക്തിക്കോ അല്ലെങ്കിൽ അയാളുടെ സമ്മതത്തോടെ മറ്റൊരു വ്യക്തിക്കോ ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്കുള്ള വ്യവസ്ഥകൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാൻ പാടില്ലാത്തതാകുന്നു എന്ന് ചട്ടം 50(1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/12.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട വിരുദ്ധ നിർമ്മാണത്തിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം പാർക്കിംഗ് സ്ഥലം കെട്ടി അടച്ച് ഗോഡൗണാക്കി മാറ്റി

കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നമ്പർ 62/3-4-1-1, 62/3-5-1, 62/3-5-2-1, 62/32 -എന്നിവയിലുള്ള 171ച.മീ. പ്ലോട്ടിൽ 305.28ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി രേഖാ നായർ, ഉത്രാടം, അട്ടച്ചാക്കൽ എന്നയാൾക്ക് 18.12.2020-ൽ A1-7365/2020 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്

ഒക്യുപ്പൻസി അനുവദിക്കുകയും 18.07.2022-ൽ വസ്തു നികുതി നിർണ്ണയിച്ച് 17/717A, 17/717B എന്നീ കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|---|
| സെല്ലാർ | പാർക്കിംഗ് | 101.76 |
| തറനിരപ്പ് നില | 717/A | 101.76 |
| ഒന്നാം നില | 717/B | 101.76 |
| ആകെ | | 305.28 |

ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ കെട്ടിടത്തിന്റെ പാർക്കിംഗിനായി കാണിച്ചിരുന്ന സെല്ലാർ നിലയിലെ സ്ഥലം ഗോഡൗണായി മാറ്റിയിരിക്കുന്നതായും വാട്ടർ ടാങ്കുകളും, സാനിറ്ററി ഉൽപ്പന്നങ്ങളും സ്റ്റോർ ചെയ്തിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻട്രൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ് നിർമ്മിച്ചിട്ടുമില്ല.






ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/12.10.23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.


## 1-21 പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 2/15, 2/15-1, 2/15-2 എന്നിവയിലുള്ള 145ച.മീ. പ്ലോട്ടിൽ 154ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ രാമകൃഷ്ണൻ നായർ, ശ്രീ രാധാകൃഷ്ണൻ നായർ, ശ്രീ കൊച്ചുകുട്ടൻ നായർ എന്നിവർക്ക് 20.06.2022-ൽ A1-BA(203165)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ് ഏരിയ ച.മീ.) | ഫ്ലോർ ഏരിയ |
|---|---|---|
| തറനിരപ്പ് നില | 63.34 | 63.34 |
| ഒന്നാം നില | 63.34 | 55.46 |
| രണ്ടാം നില | 27.91 | 27.91 |
| ആകെ | 154.59 | 146.71 |

സാങ്കേതിക വിഭാഗം ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(6) പ്രകാരം ഓരോ 90ച.മീ. ഫ്ലോർ ഏരിയയ്ക്കും അതിന്റെ ഭാഗത്തിനും ഒന്നു വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 146.71 ച.മീ. ഫ്ലോർ ഏരിയയുള്ള കെട്ടിടത്തിന് 2 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം (30ച.മീ.) ആവശ്യമാണ്. പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ രണ്ട് കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ട്. കെട്ടിടത്തിന് മുൻവശത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട ഉറസ്സായ സ്ഥലത്താണ് പാർക്കിംഗ് കാണിച്ചിട്ടുള്ളത്. എന്നാൽ


 തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനം തിരിക്കുന്നതിനുള്ള സൗകര്യവും ഉണ്ടെങ്കിൽ നിർബന്ധമായും ഉണ്ടാകേണ്ട തുറസ്സായ സ്ഥലത്തിന്റെ 50% വരെ മാത്രം ആവശ്യമായ പാർക്കിംഗ് സ്ഥലമായി കണക്കാക്കാനാണ് ചട്ടം അനുവദിച്ചിട്ടുള്ളത്. അപ്രകാരം കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ മുൻഭാഗത്ത് ഏകദേശം 20.50ച.മീ. സ്ഥലം മാത്രമാണ് പാർക്കിംഗിന് അനുവദനീയമായിട്ടുള്ളത്. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻടൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ്, കടമുറികളിൽപ്രവേശിക്കുന്നതിനുള്ള സ്റ്റെപ്പ് എന്നിവയും മുൻ ഭാഗത്ത് കാണിച്ചിട്ടുണ്ട്. അത്തരത്തിൽ കണക്കാക്കുമ്പോൾ ഒരു കാർ സൗകര്യപ്രദമായി പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമെ പ്ലോട്ടിലുള്ളൂ.





കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/09.10.23), പെർമിറ്റ് പ്രകാരമുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നും ഉടമസ്ഥൻ നിലവിൽ താമസിക്കുന്ന, പ്ലോട്ടിന്റെ അടുത്തായുള്ള വാസഗൃഹത്തിന് മുന്നിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താമെന്ന് അറിയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 27(2) പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിനുള്ള തെരുവ് വിട്ടുള്ള പാർക്കിംഗിനാവശ്യമായ സ്ഥലം പ്ലോട്ടിനകത്ത് തന്നെ നൽകേണ്ടതാണ്. നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്ലോട്ടിനുള്ളിൽ തന്നെ പാർക്കിംഗിന് സൗകര്യം ഏർപ്പെടുത്തക്ക രീതിയിൽ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നിർദ്ദേശിക്കാവുന്നതാണ്. ചട്ടങ്ങൾ കൃത്യമായി പാലിച്ച് മാത്രം നിർമ്മാണ പെർമിറ്റുകൾ അനുവദിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മൊബൈൽ ടവറുകൾ ക്രമവത്ക്കരിക്കുന്നതിന് പകരം പെർമിറ്റ് അനുവദിച്ചു, ഫീസ് കണക്കാക്കിയതും കൃത്യമല്ല

ശ്രീ അബ്ദുൾ അസീസ്, ഹനീഷ് മൻസിൽ, മങ്ങാരം എന്നയാളുടെ ഉടമസ്ഥതയിൽ കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 199/10 -ലുള്ള 14/24-ാം നമ്പർ കെട്ടിടത്തിന്റെ റൂഫ് ടോപ്പിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് 28.12.22-ൽ A1-BA(412044)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 6മീറ്റർ ഉയരത്തിൽ മൊബൈൽ ടവർ സ്ഥാപിച്ച് രണ്ട് ജി.എസ്.എം. ആന്റിനകൾ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റിന് 09.11.2022-ലാണ് അപേക്ഷ സമർപ്പിച്ചത്. സാങ്കേതിക വിഭാഗം അസി.എഞ്ചിനീയർ ഫീൽഡ് പരിശോധന നടത്തി 06.12.2022-ൽ SC1/5158/22 നമ്പരായി നൽകിയ റിപ്പോർട്ടിൽ, ടവറിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതായും അനുബന്ധ രേഖകൾ പരിശോധിച്ച് ഒക്യുപ്പൻസി നൽകാവുന്നതാണെന്നും രേഖപ്പെടുത്തിയിരുന്നു. എന്നാൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ ടവർ ക്രമവത്ക്കരിക്കുന്നതിന് പകരം 28.12.22-ൽ പെർമിറ്റ് അനുവദിക്കുകയാണുണ്ടായത്. പെർമിറ്റ് ഫീസായി 28.12.22-ലെ 1220107162നമ്പർ രസീത് പ്രകാരം 10000രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം മൂന്ന് പോളുകളുള്ള, 6 മീറ്റർ വീതം ഉയരമുള്ള രണ്ട് ടവറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 ചട്ടം 87(6)(a), (B) എന്നിവ പ്രകാരം ടവറിന് 10000രൂപയും തുൺ ഘടനകളുടെ ഒരു യൂണിറ്റിന് 2500 രൂപയുമാണ് പെർമിറ്റ് ഫീസ്. മൂന്ന് പോളുകൾ വീതമുള്ള രണ്ട് പോൾ സ്ട്രക്ച്ചറിനും രണ്ട് ടവറിനുമായി 25000രൂപ (2*(10000+2500)) പെർമിറ്റ് ഫീസ് കണക്കാക്കേണ്ടതായിരുന്നു. പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് നിർമ്മാണം പൂർത്തിയായ സ്ഥിതിക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക ഫീസായി ഈടാക്കി ക്രമവത്ക്കരണമാണ് നടത്തേണ്ടിയിരുന്നത്.




ക്രമവത്ക്കരണത്തിന് പകരം പെർമിറ്റ് അനുവദിച്ചതിലെയും ഫീസ് കണക്കാക്കിയതിലെയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും പ്രസ്തുത ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (10/09.10.23) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ അടിന്തരമായി പരിഹരിക്കുന്നതിനും ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 അനധികൃത കൂട്ടിച്ചേർക്കൽ വരുത്തിയവ ക്രമവത്ക്കരിച്ചില്ല, പ്ലോട്ടിൽ പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചു

പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിൽ പെർമിറ്റ് എടുക്കാതെ വ്യാപകമായ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെന്ന് കെട്ടിടനിർമ്മാണ പെർമിറ്റ് ഫയലുകളുടെ പരിശോധനയിൽ കാണാൻ കഴിഞ്ഞു. ഇത്തരത്തിൽ നടത്തുന്ന അനധികൃത കൂട്ടിച്ചേർക്കൽ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ അറിയിക്കാത്തതിനാൽ കൂട്ടിച്ചേർക്കപ്പെട്ട കെട്ടിട ഭാഗങ്ങൾക്ക് ബാധകമായ വസ്തുനികുതി നിർണ്ണയിക്കപ്പെടാതെ പോകുകയും പഞ്ചായത്തിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുകയിൽ ഒരു ഭാഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പെർമിറ്റ് ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് നം . A1-BA( 385783)/2022 തീ.: 06.12.2022

കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം.80/3, 80/3-2 എന്നിവയിലുള്ള 1733ച.മീ. പ്ലോട്ടിൽ 159.77ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ ഷാജി ഡാനിയൽ, എല്ലിരിക്കൽ ഹൗസ്, മാമ്മൂട് എന്നയാൾക്ക് 06.12.2022-ൽ A1-BA(385783)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിൽ പാർപ്പിടാവശ്യത്തിനുള്ള രണ്ട് കെട്ടിടം നിലവിലുള്ളതായി പ്ലാനിൽ കാണിച്ചിട്ടുണ്ട്.

പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 17/34 നമ്പർ കെട്ടിടം 140.44ച.മീ. വിസ്തീർണ്ണമുള്ളതാണ്. എന്നാൽ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിടം 83ച.മീ. മാത്രം വിസ്തീർണ്ണമുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിൽ 57.44ച.മീ. അനധികൃതമായി കൂട്ടിച്ചേർക്കൽനടത്തിയിട്ടുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിക്കാതെയാണ് പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

2. പെർമിറ്റ് നം . A1-BA( 175690)/2022 തീ. 28.05.2022

കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 43/26, 43/26-2 എന്നിവയിലുള്ള 760ച.മീ. പ്ലോട്ടിൽ 348.32ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ ജി. പ്രേമചന്ദ്രൻ നായർ, ശ്രീമതി ശ്രീദേവി എസ് എന്നിവർക്ക് 28.05.2022-ൽ A1-BA(175690)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം പ്ലോട്ടിൽ നിലവിലുണ്ട്.

പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 17/374 നമ്പർ കെട്ടിടം

227.50ച.മീ. വിസ്തീർണ്ണമുള്ളതാണ്. എന്നാൽ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിടം 135ച.മീ. മാത്രം വിസ്തീർണ്ണമുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിൽ 92.50ച.മീ. അനധികൃതമായി കൂട്ടിച്ചേർക്കൽനടത്തിയിട്ടുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിക്കാതെയാണ് പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ ക്രമവത്ക്കരിക്കാതെ പുതിയ പെർമിറ്റുകൾ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/09.10.23), പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഉടമകൾക്ക് അറിയിപ്പ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ അടിയന്തിരമായി ക്രമവത്ക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 മൊബൈൽ ടവറുകളുടെ ക്രമവത്ക്കരണ ഫീസ് കണക്കാക്കിയത് കൃത്യമല്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ രണ്ട് മൊബൈൽ ടവറുകൾ ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ അവയുടെ ക്രമവത്ക്കരണ ഫീസ് കണക്കാക്കിയത് കൃത്യമായല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ ഇ.വി. ജോൺ, ഈട്ടിമൂട്ടിൽ ഹൗസ്, വെട്ടൂർ എന്നയാളുടെ ഉടമസ്ഥതയിൽ കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 128/1-83-1 -ലുള്ള 368ച.മീ. പ്ലോട്ടിൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് പെർമിറ്റ് എടുക്കാതെ നിർമ്മിച്ച മൊബൈൽ ടവർ റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിന് 14.07.22-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 12.10.22, 22.10.22 എന്നീ തീയതികളിലെ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ക്രമവത്ക്കരണം അനുവദിച്ച് ടവറിന് 2/281 B എന്ന നമ്പരും അനുബന്ധ കെട്ടിടത്തിന് 2/281 C എന്ന നമ്പരും അനുവദിച്ചിട്ടുണ്ട്. ടവറിന്റെ വിസ്തീർണ്ണം 30.25ച.മീറ്ററും അനുബന്ധ കെട്ടിടത്തിന്റേത് 27.40ച.മീറ്ററുമാണ്. ടവറിന്റെ ക്രമവത്ക്കരണ ഫീസായി 20000രൂപയും (2x10000) അനുബന്ധ കെട്ടിടത്തിന്റെ ഫീസായി 548രൂപയുമാണ് (27.40x20) ഈടാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 ചട്ടം 87(6)(a), (B) എന്നിവ പ്രകാരം ടവറിന് 10000രൂപയും ഉൾ ഘടനകളുടെ ഒരു യൂണിറ്റിന് 2500 രൂപയുമാണ് പെർമിറ്റ് ഫീസ്. ടവറിന്റെ ക്രമവത്ക്കരണം അനുവദിച്ചപ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയായ 25000രൂപയാണ് (2x(10000+2500)) ഫീസായി ഈടാക്കേണ്ടിയിരുന്നത്.

2. ശ്രീ കെ.സി. വർഗ്ഗീസ്, കോയിക്കൽ വീട്, പയ്യനാമൺ എന്നയാളുടെ ഉടമസ്ഥതയിൽ കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ സർവ്വേ നം. 242/2, 243/1A എന്നിവയിലുള്ള 224ച.മീ. പ്ലോട്ടിൽ സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് പെർമിറ്റ് എടുക്കാതെ നിർമ്മിച്ച മൊബൈൽ ടവർ റഗുലറൈസ് ചെയ്ത് 22.02.23-ൽ 5/415A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 22.12.22-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്രമവത്ക്കരണം അനുവദിച്ചിട്ടുള്ളത്. ടവറിന്റെ ക്രമവത്ക്കരണ ഫീസായി 20000രൂപയാണ് (2x10000) ഈടാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 ചട്ടം 87(6)(a), (B) എന്നിവ പ്രകാരം ടവറിന് 10000രൂപയും ഉൾ ഘടനകളുടെ ഒരു യൂണിറ്റിന് 2500 രൂപയുമാണ് പെർമിറ്റ് ഫീസ്. ടവറിന്റെ ക്രമവത്ക്കരണം അനുവദിച്ചപ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയായ 25000രൂപയാണ് (2x(10000+2500)) ഫീസായി ഈടാക്കേണ്ടിയിരുന്നത്.

മൊബൈൽ ടവറുകളുടെ ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(18/11.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് കണക്കാക്കിയതിലെ അപാകതകൾ പരിഹരിച്ച്, കുറവ് വന്ന തുക ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം വ്യാപകം-പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല

പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച് കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡ്ഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ

തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വസ്തു നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളത് 0.56 കോടി രൂപ.

പഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് കുടിശ്ശികയിനത്തിൽ സഞ്ചയ പ്രകാരം 5646568രൂപ പിരിച്ചെടുക്കാനുണ്ട്. ആകെ ഡിമാന്റ് തുകയുടെ 62% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 1 | 337 | ജെ ഉദയകുമാർ, അമ്പാടി കശുവണ്ടി സംസ്കരണ യൂണിറ്റ്, അട്ടച്ചാക്കൽ | 11655 |
| 2 | 1 | 338 | ജെ ഉദയകുമാർ, അമ്പാടി കശുവണ്ടി സംസ്കരണ യൂണിറ്റ്, അട്ടച്ചാക്കൽ | 11454 |
| 3 | 1 | 339 | ജെ ഉദയകുമാർ, അമ്പാടി കശുവണ്ടി സംസ്കരണ യൂണിറ്റ്, അട്ടച്ചാക്കൽ | 19286 |
| 4 | 1 | 340 | ജെ ഉദയകുമാർ, അമ്പാടി കശുവണ്ടി സംസ്കരണ യൂണിറ്റ്, അട്ടച്ചാക്കൽ | 11454 |
| 5 | 2 | 65 | പ്രസിഡൻറ്, എസ്.എൻ.ഡി.പി.യോഗം,കൊല്ലം | 21240 |
| 6 | 2 | 92/B | പ്രസിഡന്റ്, സാന്ത്വനം പുരുഷസ്വയം സഹായസംഘം, അട്ടച്ചാക്കൽ | 12660 |
| 7 | 7 | 490 | കാർമ്മൽ റാണി ആഡിറ്റോറിയം, പയ്യനാമൺ | 82926 |
| 8 | 8 | 392 /B | സാംസൺ എസ് , ഇടയിലേമുറിയിൽ,കോന്നി | 10148 |
| 9 | 8 | 523/C | സി.എൻ.വിശ്വനാഥൻ നായർ, ചേനാട്ട് പുത്തന് വീട്, പയ്യനാമൺ | 12506 |
| 10 | 11 | 47 | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, കോന്നി | 25210 |
| 11 | 11 | 48 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കോന്നി | 37500 |
| 12 | 11 | 49 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കോന്നി | 33370 |
| 13 | 11 | 83 | ജനറൽ മാനേജർ, ബി. എസ്. എൻ. എൽ,തിരുവല്ല | 179860 |
| 14 | 11 | 107/C | ആലക്സ് മാത്യു, പാലമൂട്ടിൽ,കോന്നി താഴം | 11901 |
| 15 | 11 | 107/D | സി.എസ്.മോഹനൻ പിള്ള,ചക്കാണിക്കൽ വീട്,മങ്ങാരം | 10024 |
| 16 | 11 | 183 | ജനറൽ മാനേജർ, ബി. എസ്. എൻ. എൽ,തിരുവല്ല | 88000 |
| 17 | 11 | 394 | സൈനുലബ്ദിൻ. എസ്, റസീനാ ബിൽഡിംഗ്,മങ്ങാരം, | 12009 |
| 18 | 11 | 431 | ജോഷ്വ ഡാനിയൽ, പടേനിക്കൽ,മങ്ങാരം | 10125 |
| 19 | 11 | 432 | ജോഷ്വ ഡാനിയൽ, പടേനിക്കൽ,മങ്ങാരം | 10263 |
| 20 | 11 | 443/I | പ്രസിഡന്റ്, എസ്.എൻ.ഡി.പി ബ്രാഞ്ച്-82,കോന്നി | 13230 |
| 21 | 11 | 443/J | പ്രസിഡന്റ്, എസ്.എൻ.ഡി.പി ബ്രാഞ്ച്-82,കോന്നി | 30375 |
| 22 | 11 | 493 | ഉദയകുമാര്.കെ.ജി, കുമാരസദനം,മാര്യർ പാലം | 12962 |
| 23 | 12 | 544/A | അശോക് കുമാർ പി ആർ, ഹൈ ലൈറ്റ് പുത്തൻപുരയിൽ, മങ്ങാരം | 10125 |
| 24 | 12 | 544/B | അശോക് കുമാർ പി ആർ, ഹൈ ലൈറ്റ് പുത്തൻപുരയിൽ, മങ്ങാരം | 16200 |
| 25 | 12 | 551/A | സോണി.എസ്, മുല്ലയ്ക്കൽ വീട്,മങ്ങാരം, | 14505 |

| | | | | |
|---|---|---|---|---|
| 26 | 13 | 526/A | തോമസ് ഡാനിയേൽ, ഇണ്ടിക്കാട്ടിൽ | 19638 |
| 27 | 13 | 527 | തോമസ് ഡാനിയേൽ, ഇണ്ടിക്കാട്ടിൽ | 39234 |
| 28 | 13 | 528 | തോമസ് ഡാനിയേൽ, ഇണ്ടിക്കാട്ടിൽ | 28158 |
| 29 | 13 | 575 | തോമസ് ഡാനിയേൽ, ഇണ്ടിക്കാട്ടിൽ | 46083 |
| 30 | 13 | 576 | തോമസ് ഡാനിയേൽ, ഇണ്ടിക്കാട്ടിൽ | 46083 |
| 31 | 14 | 253/A | പി.ആർ ഗോപിനാഥൻ നായർ, സെക്രട്ടറി സി.പി.ഐ കോന്നി മണ്ഡലം കമ്മിറ്റി | 26388 |
| 32 | 16 | 577 | അബ്ദുൽ സലാം, മരുതിമൂട്ടിൽ പീടികയിൽ,മങ്ങാരം | 21600 |
| 33 | 16 | 578 | അബ്ദുൽ സലാം, മരുതിമൂട്ടിൽ പീടികയിൽ,മങ്ങാരം | 15400 |
| 34 | 16 | 694/E | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 11090 |
| 35 | 16 | 694/F | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 10660 |
| 36 | 16 | 694/G | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 10660 |
| 37 | 16 | 694/H | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 10660 |
| 38 | 16 | 694/I | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 10660 |
| 39 | 16 | 694/J | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 11040 |
| 40 | 16 | 694/L | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 10540 |
| 41 | 16 | 694/M | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 11340 |
| 42 | 16 | 694/N | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 11530 |
| 43 | 16 | 694/O | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 12160 |
| 44 | 16 | 694/P | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 12470 |
| 45 | 16 | 694/Q | ഫിലിപ്പ് ചാക്കോ, പുത്തൻപറമ്പിൽ,കോന്നി | 13410 |
| 46 | 16 | 697 | രാജു വർഗ്ഗീസ്, ചീനിക്കാലായിൽ,മങ്ങാരം | 16210 |
| 47 | 16 | 844 | സെക്രട്ടറി, കോന്നി ബ്ലോക്ക് ഹൌസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി | 19115 |
| 48 | 16 | 862/B | സായിദ് ഷിഹാന, ഷെഹനായി,മങ്ങാരം | 14015 |
| 49 | 16 | 938/B | രാജമാണിക്യം പിള്ള, രോഹിണി,മങ്ങാരം | 16066 |
| 50 | 16 | 1023 | ജോസ് ജോബ്, ജീ മംഗലം,കോന്നി, | 17822 |
| 51 | 16 | 1092/A | തഹസിൽ ദാർ കോന്നി, മിനി സിവിൽസ്റ്റേഷൻ | 1752250 |
| 52 | 16 | 1146 | പി സി ജോൺ, ഹെവൻ ഫോർഡ് എസ്റ്റേറ്റ്,ഊട്ടുപാറ | 33660 |
| 53 | 17 | 130 | മോളി വർഗ്ഗീസ്, മണ്ണിൽ കിഴക്കേതിൽ,കോന്നി | 12964 |
| 54 | 17 | 182/B | നൌഷാദ് അബ്ബാസ് . ഹസ്സന് അബ്ബാസ്, ജാസ്മി മന്സിൽ, ഇടത്തറ, | 123130 |
| 55 | 17 | 205/A | ഫോറസ്റ്റ് റേയിഞ്ച് ഓഫീസർ, കോന്നി | 65160 |
| 56 | 17 | 218/B | ഡപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് , ഫോറസ്റ്റ് ഡെവലപ്മെൻറ് ഏജൻസി,കോന്നി | 18900 |
| 57 | 17 | 218/C | ഡപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് , ഫോറസ്റ്റ് ഡെവലപ്മെൻറ് ഏജൻസി,കോന്നി | 68250 |
| 58 | 17 | 218/D | ഡിവിഷണൽ ഫോറസ്ററ് ആഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ആഫീസ്,മങ്ങാരം | 12160 |
| 59 | 17 | 328/A | ജോർജ്ജ്, എല്ലിരിക്കൽ,മങ്ങാരം, | 14193 |
| 60 | 17 | 359/A | അബ്ദുൾ അസീസ്/ നബീസ അസീസ്, ഹനീഷ് മന്സിൽ, മങ്ങാരം | 24260 |
| 61 | 17 | 451 | ജയിംസ് ശാമുവേൽ, ഒഴമണ്ണിൽ ബഥേൽ ഭവൻ,കോന്നി, | 11543 |
| 62 | 17 | 528/A | സുദീപ് തോമസ് ജോൺ, ഹെവൻ ഫോർഡ് എസ്റ്റേറ്റ്, ഊട്ടുപാറ, | 41042 |
| 63 | 17 | 562 | പ്രസിഡൻറ്, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്, മങ്ങാരം | 28500 |
| 64 | 17 | 571/B | വരുൺ രാജ്, രാജവൽസം,പനങ്ങാട് | 63030 |

| | | | | |
|---|---|---|---|---|
| 65 | 17 | 579/B | എം എസ്സ് ചന്ദ്രദത്തൻ നായർ, സി എൽ സി ഭവൻ, ഇളകൊള്ളൂർ, | 19164 |
| 66 | 17 | 630 | അഹമ്മദ് റാവുത്തർ, എസ്.കെ.ആർ.ബിൽഡിങ് | 10800 |
| 67 | 17 | 730/I | അനിൽകുമാർ വി.റ്റി , വിനീതാ .റ്റി.പി, അനശ്വര ഹൌസ്, എലിയറക്കൽ | 86937 |
| 68 | 17 | 730/J | അനിൽകുമാർ വി.റ്റി , വിനീതാ .റ്റി.പി, അനശ്വര ഹൌസ്, എലിയറക്കൽ | 79989 |
| 69 | 17 | 737 | തങ്കമ്മ ഡാനിയൽ, ഇല്ലിരിക്കൽ, മങ്ങാരം | 20529 |
| 70 | 17 | 741 | തങ്കമ്മ ഡാനിയൽ, ഇല്ലിരിക്കൽ, മങ്ങാരം | 19176 |
| 71 | 17 | 794/B | ഷാജൻ തോമസ്,രാജൻ തോമസ്, തടത്തിൽ വീട്, മങ്ങാരം | 24119 |
| 72 | 17 | 794/C | ഷാജൻ തോമസ്,രാജൻ തോമസ്, തടത്തിൽ വീട്, മങ്ങാരം | 22852 |
| 73 | 17 | 794/D | ഷാജൻ തോമസ്,രാജൻ തോമസ്, തടത്തിൽ വീട്, മങ്ങാരം | 21582 |
| 74 | 17 | 834 | ജോർജ്ജ് എബ്രഹാം, മലയിൽ പുത്തൻ വീട്,മാമ്മൂട് | 12366 |
| 75 | 17 | 1092/A | എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പത്തനംതിട്ട | 66018 |
| 76 | 18 | 217/A | ദ മാനേജർ, ബി എസ് എൻ എൽ ടവർ,ചിറ്റൂർമുക്ക് | 50130 |
| 77 | 18 | 285/A | സി.എസ്സ് ചാക്കോ, ചീരുവേലിൽ വീട്,ഇളകൊള്ളൂർ | 12069 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/12.10.2023), കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും കുടിശ്ശിക വരുത്തിയ എല്ലാവർക്കുമെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാണാൻ കഴിഞ്ഞു. വർഷങ്ങളായി വൻ തുക കുടിശ്ശിക വരുത്തിയിട്ടുള്ള നിരവധി പേർക്കുമെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തനത് വരുമാന ഡിമാന്റിന്റെ 90ശതമാനമെങ്കിലും പിരിവ് കൈവരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 1% കുറവ് വരുത്തേണ്ടതാണെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ 8-ാമത് ശുപാർശ അംഗീകരിച്ച് 18.12.2022-ൽ സ.ഉ.(കൈ.)നം.179/2022/ധന നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-27 പാർശ്വഭിത്തി നിർമ്മാണത്തിൽ ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിനു നിരക്ക് നൽകി.

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് DSR-2018 പ്രകാരമുള്ള നിലവിൽ കേരളത്തിൽ ഉപയോഗിക്കാൻ സാഹചര്യമില്ലാത്ത നിരക്ക് (75.7.1) എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Bond Stone ഉപയോഗിച്ചുള്ളDSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹5988.21/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്കു കാരണം കേരളത്തിൽ ഉപയോഗത്തിൽ പരിചിതമല്ലാത്ത Bond Stone ന്റെ നിരക്കും ഇതു സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ഉയർന്ന ലേബർ ചാർജ്ജുമാണ്.

റാൻഡമായി 3 സൈറ്റുകളിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിരുന്നില്ല എന്നു ബോദ്ധ്യപ്പെട്ടു. ഒരു M3 ഏരിയയിൽ 7 ബോണ്ട് സ്റ്റോൺ ഉപയോഗിക്കുന്നതിനാണ് മെഷർമെന്റ് ബുക്ക് പ്രകാരം നിരക്ക് നൽകുന്നത്. പ്രൊജക്ട് നമ്പർ 167/2022-23, ആവോലിക്കുഴി വരിക്കാശ്ശേരി റോഡ്, 301/2022-23, തവളപ്പാറ സെന്റ് തോമസ് കോളേജ് റോഡ്, 315/2022-23 മുരിങ്ങമംഗലം വടക്കടത്തുപടി മിൽ അങ്കണവാടി റോഡ് എന്നീ സംരക്ഷണഭിത്തി നിർമ്മാണങ്ങളിൽ ബോണ്ട്സ്റ്റോൺ ഉപയോഗിച്ചിട്ടില്ല എന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.





പ്രൊജക്ട് നമ്പർ 67/2021-22, 117/2022-23 ആഞ്ഞിലിക്കുന്ന് കോട്ടപ്പാറ കല്ലിട്ടക്കിനാൽ റോഡ് എന്ന പ്രവൃത്തിയിൽ ബോണ്ട് സ്റ്റോൺ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ചെയ്തിരുന്നില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട്

ചെയ്ത് Observed Data (OD1470185/2022_23) തയ്യാറാക്കിയിരുന്നു. ഈ നിരക്കിന് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ലഭ്യമല്ല. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ Observed Data പ്രകാരം ബോണ്ട് സ്റ്റോൺ ഇല്ലാതെയുള്ള നിരക്ക് ₹3864/M3 ആണ്.

ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള DR കല്ല് കെട്ടിന് DSR Code 60.7.1 ഉപയോഗിക്കുമ്പോൾ ₹3535.21/m3 രൂപ മാത്രമാണ് ചെലവ് വരിക. മുൻ വർഷങ്ങളിൽ ബോണ്ട് സ്റ്റോൺ ഇല്ലാതെയുള്ള സംരക്ഷണഭിത്തി നിർമ്മാണത്തിന് എസ്റ്റിമേറ്റിൽ 60.7.1 എന്ന ഇനമാണ് നൽകിയിരുന്നത്.

പ്രൊജക്ട് നമ്പർ 252/2020-21,SO184/2022-23 കിഴക്കുപുറം ഏലാ സംരക്ഷണഭിത്തി നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ Observed Data (Od 901308/2020_21) ഉപയോഗിച്ചപ്പോൾ ഒരു M3 ന് ₹2809.90 രൂപ മാത്രമാണ് നിരക്ക് നൽകിയിരുന്നത്. 2019-20 ലെ എസ്റ്റിമേറ്റുകളിലും Observed Data (Od-339129/ 2019_20) ആയി ഇതേ നിരക്കാണ് നൽകിയിരുന്നത്. ഉദാഹരണത്തിന് പ്രൊജക്ട് നമ്പർ 69/2019-20 അംബേദ്കർ കോളനി സമഗ്രവികസനം.

അതിനാൽ ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള സംരക്ഷണഭിത്തി നിർമ്മാണത്തിന് അംഗീകരിക്കപ്പെട്ട Observed Data ഇല്ലാത്തതിനാൽ DSR Code 60.7.1 എന്നതിലെ നിരക്കാണ് അംഗീകരിക്കാനാകുക.

ഈ രണ്ട DSR നിരക്കുകൾ തമ്മിലുള്ള വ്യത്യാസം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.

| DR കല്ല് കെട്ടിന് DSR Code 60.7.1 ഉപയോഗിച്ചിരുന്നെങ്കിൽ നൽകേണ്ട (M3 ന്) | Through/Bond Stone DR കല്ല് കെട്ടിന് ഉപയോഗിച്ചതായുള്ള നിരക്ക് -75.7.1 (M3 ന്) | അധികമായി നൽകുന്ന തുക (M3 ന്) (₹) |
|---|---|---|
| ₹3535.21 | ₹5988.21 | 5988.21-3535.21 = 2453 |

DR കല്ല് കെട്ടിന് Bond Stone ഉപയോഗിക്കുമ്പോൾ നൽകുന്ന ഉയർന്ന നിരക്കിന്റെ DSR സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| Code 75.7.1<br>DRY RUBBLE MASONRY _ Dry Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications. | | | | | |
|---|---|---|---|---|---|
| Code | Dscription | Unit | Quantity | Rate | Amount |
| M-148 | Stone For RR Masonry | Cum | 1 | 1222.08 | 1222.08 |
| M-361 | Through Bond Stone<br>(7 No's<br>0.24x0.24x0.39-0.16m3) | No | 7 | 52.75 | 369.25 |
| L-12 | Mate | Day | 0.12 | 617 | 74.04 |
| L-11 | Mason (Ist Class) | Day | 1.2 | 738 | 885.60 |
| L-29 | Mazdoor (Unskilled) | Day | 1.8 | 558 | 1004.40 |
| L-21 | Bhisti | Day | 0.08 | 617 | 49.36 |
| Total | | | | | 3604.73 |
| Add Overhead@10% | | | | | 360.47 |
| Total | | | | | 3965.20 |
| Add Contractors Profit @ 10% | | | | | 396.52 |
| Total | | | | | 4361.72 |
| Cost Index37.29% | | | | | 1626.49 |
| Total With Cost Index | | | | | 5988.21/m3 |

DR കല്ല് കെട്ടിന് ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ നൽകാവുന്ന DSR Code 60.7.1 നുള്ള സ്പെസിഫിക്കേഷൻ ചുവടെ

ചേർക്കുന്നു.

| Code 60.7.1<br>DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Site. | | | | | |
|---|---|---|---|---|---|
| Code | Dscription | Unit | Quantity | Rate | Amount |
| 1157 | Stone For Masonry Work | Cum | 1.05 | 1100 | 1155 |
| 2215 | Carriage Of Soiling Stone And Masonry Stone | Cum | 1.05 | 122.08 | 128.18 |
| 0125 | Mason (Second Class) | Day | 0.8 | 679 | 543.20 |
| 0114 | Beldar | Day | 0.7 | 558 | 390.60 |
| Total | | | | | 2216.98 |
| Add Water Charges @ 1% | | | | | 22.17 |
| Total | | | | | 2239.15 |
| Add Contractors Profit, Overhead Charge @ 15% | | | | | 335.87 |
| Total | | | | | 2575 |
| Cost Index 37.29% | | | | | 960.21 |
| Total With Cost Index | | | | | 3535.21/m3 |

മൂന്ന് പ്രവൃത്തികളിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചതായി ബോദ്ധ്യപ്പെടാത്തതിനാൽ തൻവർഷം ഈ ഇനത്തിന്റെ മെഷർമെന്റ് രേഖപ്പെടുത്തി തുക നൽകിയ താഴെ പറയുന്ന പ്രവൃത്തികളിന്മേൽ നൽകിയ അധിക നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര് | ഫണ്ട്,<br>ബിൽ തുക,<br>ബിൽ നമ്പർ /തീയതി | DSR 2018 -75.7.1 (Through/Bond Stone) പ്രകാരം എസ്റ്റിമേറ്റിൽ നൽകിയ നിരക്ക്<br>(M3x5988.21)<br>(A) | DSR 2018 (60.7.1) പ്രകാരം നൽകാവുന്ന നിരക്ക്<br>(M3 X3535.21)<br>(B) | എം ബുക്ക് പ്രകാരം നൽകിയ തുക കണക്കാക്കിയുള്ള നഷ്ടം<br>(ക്വോട്ട് ചെയ്ത നിരക്ക് - B) |
|---|---|---|---|---|---|
| 1 | 301/2022-23,<br>തവളപ്പാറ സെന്റ് തോമസ് കോളേജ് റോഡ് സംരക്ഷണഭിത്തി | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>₹199884<br>(ബിൽ നം. 459/27.03.2023) | 20.62x5988.21<br>= 123477 | 20.62x3535.21<br>= 72896 | 123477- 72896<br>= 50581<br>(20.62 M3 X5988.21<br>= 123477) |
| 2 | 328/2022-23,<br>പുതിയവീട് പടി അരുൺഭവനംപടി റോഡിൽസംരക്ഷണ ഭിത്തി. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>₹164546<br>(ബിൽ നം. 484/28.03.2023) | 33.252x5988.21<br>= 199120 | 23.55x3535.21<br>= 83272 | 141052- 83272<br>= 57780<br>(23.555 M3x 5988.21<br>= 141052) |
| 3 | 315/ 2022-23,<br>മുരിങ്ങമംഗലം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 26.25x5988.21<br>= 157190 | 26.25x3535.21<br>= 92799 | 111563- 92799<br>= 18764 |

| | | | | | |
|---|---|---|---|---|---|
| | വടക്കടത്തുപടിറോഡ് സംരക്ഷണഭിത്തി | ₹227545 (ബിൽ നം. 427/24.03.2023) | | | (26.25 M3 X4250 = 111563) |
| 4 | 266/2022-23, പെരിഞ്ഞോട്ടയ്ക്കൽ കരിശ്ശിമ്മൂട് റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹147633 (ബിൽ നം. 460/27.03.2023) | 19.913x5988.21 = 119243 | 19.656x3535.21 = 69488 | 117704 - 69488 = 48216 (19.656 M3 X5988.21 = 117704) |
| 5 | 413/2022-23, പൂന്നമൂട് അങ്കണവാടി വഞ്ചിപ്പടി റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹145453 (ബിൽ നം. 411/23.03.2023) | 18.985x5988.21 = 113686 | 18.373x3535.21 = 64952 | 110021 - 64952 = 45069 (18.373 M3 X5988.21 = 110021) |
| 6 | 204/2022-23 അങ്കണവാടി മാമ്മൂട് റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹176535 (ബിൽ നം. 398/20.03.2023) | 10.5x5988.21 = 62876 | 9.23x3535.21 = 32630 | 55271 - 32630 = 22641 (9.23 M3 X5988.21 = 55271) |
| 7 | 263/2022-23, പൂവൻപാറ SAS കോളേജ് റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹198367 (ബിൽ നം. 357/08.03.2023) | 11.05x5988.21 = 66170 | 11.05x3535.21 = 39064 | 45305- 39064 = 6241 (11.05 M3 X4100 = 45305) |
| 8 | 314/2022-23, മഞ്ഞക്കടമ്പ് പോത്ത്കണ്ടം റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹194658 (ബിൽ നം. 355/08.03.2023) | 16.8x5988.21 = 100602 | 16.128x3535.21 = 69488 | 96578 - 69488 = 27090 (16.128 M3 X5988.21 = 96578) |
| 9 | 284/2022-23, കിഴക്കുപുറം Sas കോളേജ് മംഗലംപടി റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹109896 (ബിൽ നം. 311/20.02.2023) | 18.81x5988.21 = 112638 | 18.81x3535.21 = 66497 | 81824 - 66497 = 15327 (18.81 M3 X4350 = 81824) |
| 10 | 289/2022-23, താന്നിവിളയിൽപ്പടി വെള്ളാവൂർപ്പടി | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹108887 | 19.84x5988.21 = 118806 | 19.84x3535.21 = 70139 | 84320 - 70139 = 14181 (19.84 M3 |

| | | | | | |
|---|---|---|---|---|---|
| | റോഡ് സൈഡ് കെട്ട് | (ബിൽ നം. 358/08.03.2023) | | | X4250 = 84320) |
| 11 | 167/2022-23, ആവോലിക്കുഴി വരിക്കാശ്ശേരി റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ₹200000 (ബിൽ നം. 230/19.01.2023) | 26.4x5988.21 = 158089 | 26.4x3535.21 = 93330 | 155760 - 93330 = 62430 (26.4 M3 X5900 = 155760) |
| | ആകെ | | | | 368320 |

അപാകതകൾക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/11-10-2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരുന്നില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോണ്ട് സ്റ്റോൺ ഇല്ലായെന്ന ബോദ്ധ്യപ്പെട്ട പ്രൊജക്ട് നമ്പർ 301,315,167 എന്നീ പദ്ധതികളിൽ (ടേബിൾ ക്രമ നം 1,3,11) അധികമായി നൽകിയ ₹131775 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.
മറ്റ് എട്ട് പ്രവൃത്തികൾ ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തുന്നതിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അതു വരെ ഈ പ്രവൃത്തികളിലൂടെ അധികം ചെലവഴിച്ച ₹236545 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 1-28 ശബരിമല ഇടത്താവളം നവീകരണം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല.

കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലുള്ള ശബരിമല ഇടത്താവളത്തിന്റെ നവീകരണത്തിനായി 2022-23 ൽ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഭാഗമായി പഴയ കെട്ടിടവും ടോയ്‌ലെറ്റും പെയിന്റ് ചെയ്യുക, പ്ലമ്പിംഗ് പ്രവൃത്തികൾ, PVC വാട്ടർ ടാങ്ക് സ്ഥാപിക്കൽ, റാമ്പ് നിർമ്മാണം, ഫുട്ട് പാത്തുകളിൽ ഇന്റർലോക്കുകൾ പാകുക എന്നതായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ മെഷർമെന്റ് പ്രകാരം വെറും 1.33 ലക്ഷം രൂപയുടെ പ്ലമ്പിംഗ് പ്രവൃത്തികൾ മാത്രമാണ് 10/2023 വരെയും നടന്നിട്ടുള്ളൂ എന്നു വ്യക്തമായി.



| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 418/2022-23, ശബരിമല ഇടത്താവളത്തൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ. |
| ഫണ്ട് വകയിരുത്തിയത് | ശബരിമല ഫണ്ട് - 1000000 |
| തുക ചെലവഴിച്ചത് | 133331 (ചെക്ക് നമ്പർ 232683/22.03.2023) |
| കരാറുകാരൻ | ശ്രീ ഷിജു കെ വർഗീസ്, കടയ്ക്കൽ പുത്തൻവീട്, പയ്യനാമൺ |

ശ്രീ ഷിജു കെ വർഗീസ് എന്ന കരാറുകാരന്റെ 842660 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 21.02.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.(നം. 93/AE/LSGD/KGP/22-23) . എന്നാൽ കരാറിനോടൊപ്പം പ്രവൃത്തി വിവര പട്ടികയോ പ്രവർത്തന കലണ്ടറോ തയ്യാറാക്കിയിട്ടില്ല. അതിനാൽ എന്നാണ് നിയമാനുസൃതം പദ്ധതി പൂർത്തീകരിക്കേണ്ടതെന്ന വ്യക്തമല്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും ചെറിയ പ്ലമ്പിംഗ് പ്രവൃത്തികളും വാട്ടർടാങ്ക് സ്ഥാപിക്കലും മാത്രമെ നടന്നിട്ടുള്ളൂ. പെയിന്റിംഗും ഫുട്ട് പാത്ത് ഇന്റർലോക്കിടുന്നതും ഉൾപ്പെടെയുള്ള എസ്റ്റിമേറ്റിലെ പ്രധാന പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിന് ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/11-10-2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല.

കേരള PWD മാന്വൽ 2012 ലെ വ്യവസ്ഥ 2112, 2112.1എന്നിവ പ്രകാരം നിർവ്വഹണ പൂർത്തീകരണ കാലയളവിന്റെ 25% സമയം ആദ്യ തവണയായി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇതിനായി കരാർ തുകയുടെ 1% തുക (കുറഞ്ഞത് ₹1000,

പരമാവധി ₹50000) പിഴയായി ഈടാക്കാവുന്നതാണ്. ഇതിനുശേഷമുള്ള 25% കാലാവധിയ്ക്ക് കരാർതുകയുടെ 2% തുക (കുറഞ്ഞത് ₹2000, പരമാവധി ₹100000) പിഴയായി ഈടാക്കേണ്ടതാണ്. ഇതിനായി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കരാർ പ്രകാരം ഈ പ്രവൃത്തി 02/2023 ൽ ആരംഭിച്ചിരുന്നു. 10/2023 ആയിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ നീട്ടി നൽകുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ കണ്ടില്ല. മേൽ അപാകതകൾക്കുള്ള വിശദീകരണവും ഓഡിറ്റിനു നൽകിയിരുന്നില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ചും മറ്റ് അപാകതകൾ പരിഹരിച്ചും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ യഥാസമയം പൂർത്തികരിക്കേണ്ടതാണ്.

## 1-29 ബഡ്സ് സ്കൂളിനായുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനായില്ല.

2018-19 മുതലുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളിലായി 20.92 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മാണം നടത്തിയിട്ടും ബഡ്സ് സ്കൂൾ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നു നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കെട്ടിടത്തിന്റെ ഒന്നാം നില പില്ലറും കോൺക്രീറ്റ് റൂഫിംഗും നടത്തിയ ശേഷം ഉപയോഗശൂന്യമായി കിടക്കുന്നതായി കണ്ടു. നിലവിൽ താഴത്തെ നില കെട്ടിടം BRC അധികൃതർ, കോന്നി സബ് ജില്ലയിലെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ഫിസിയോതെറാപ്പി സെന്റർ ആയി ഉപയോഗിച്ചു വരുന്നുണ്ട്. ഇതു തന്നെ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രമാണ് നടത്തുന്നത്.



ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 254/2018-19, ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 278/2019-20 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 376/2020-21 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് - 700000. ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 400000 | ജില്ലാ പഞ്ചായത്ത് - 700000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം -215141 | ജില്ലാ പഞ്ചായത്ത് - 250000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 500000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) -100000 |
| തുക ചെലവഴിച്ചത് | വികസന ഫണ്ട് - 700000. ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 184859 | ജില്ലാ പഞ്ചായത്ത് - 599022 ബ്ലോക്ക് പഞ്ചായത്ത് വിഹിതം -0 | ജില്ലാ പഞ്ചായത്ത് - 108245 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 500000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 0 |
| കരാറുകാരൻ | ശ്രീ ഷിജു കെ വർഗീസ് | ശ്രീ ഷിജു കെ വർഗീസ് | ശ്രീ ഷിജു കെ വർഗീസ് |
| ആകെ ചെലവ് | 884859 | 599022 | 608245 |

06.04.2013 ലെ സ.ഉ (കൈ) നം.144/2013/തസ്വഭവ ഉത്തരവു പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും മാനസിക

വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനത്തിനും പുനരധിവാസ പരിശീലനങ്ങൾക്കുമായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനു അനുമതി നൽകിയിരുന്നു. സ.ഉ(എം എസ്) നം. 20/2018 /തസ്വഭവ; 07-02-2018 ഉത്തരവു പ്രകാരം ബഡ്സ് സ്കൂളിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ഫിസിയോ തെറാപ്പി മുറി, ശുചിമുറികൾ, ഒക്കുപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി. എന്നിവ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിൽ ഇതിനുള്ള സൗകര്യങ്ങൾ ഇല്ല.

തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ബഡ്സ് സ്കൂളിനു മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ചെലവഴിക്കാമെന്ന് പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 6.8.8 ൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (സ.ഉ(കൈ) 84/2022/lsgd; 19-04-2022 ). നിലവിൽ നിർമ്മിച്ച കെട്ടിടം ബഡ്സ് സ്കൂൾ ആയി മാറ്റുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനു നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/11-10-2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിരുന്നില്ല.

ലക്ഷക്കണക്കിനു രൂപ ചെലവഴിച്ചിട്ടും ബഡ്സ് സ്കൂൾ തുടങ്ങാനായില്ല എന്നത് ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ട വിഷയമായി ഓഡിറ്റ് ചൂണ്ടിക്കാട്ടുന്നു. അപാകതകൾ പരിഹരിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കേണ്ടതും സർക്കാർ നിർദ്ദേശപ്രകാരമുള്ള ബഡ്സ് സ്കൂൾ പ്രവർത്തനസജ്ജമാക്കി മാതൃകാ പ്രവർത്തനം കാഴ്ച വയ്ക്കേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-30 മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിച്ച 1.75 കോടി രൂപ ലാപ്സായി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 127 പുതിയ പദ്ധതികളും 99 സ്പിൽ ഓവർ പദ്ധതികളുമായി ആകെ 226 പദ്ധതികൾക്ക് 5.97 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2.63 കോടി രൂപ മാത്രമാണ് തൻ വർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കണക്കുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റിനത്തിൽ 1.75 കോടി രൂപ ലാപ്സായിട്ടുണ്ട്.

| | അലോട്ട്മെന്റ് തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 34619000 | 19712407 | 14906593 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 7060000 | AE-2826834<br>Others - 1597093<br>ആകെ – 4423927 | 2636073 |
| ആകെ | | | 17542666 |

1) മറ്റ് അപാകതകൾ

പദ്ധതികളുടെ ബാഹുല്യം കാരണം നിർവ്വഹണത്തിൽ പാളിച്ച സംഭവിച്ചതായി വ്യക്തമായിട്ടുണ്ട്. ഇക്കാരണത്തിലാണ് മെയിന്റൻസ് ഗ്രാന്റ് യഥാസമയം ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുള്ളത്. ആകെ 226 പദ്ധതികൾക്കു തുക വകയിരുത്തിയപ്പോൾ 130 പദ്ധതികൾക്ക് മാത്രമാണ് ഭാഗികമായോ പൂർണ്ണമായോ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയ 127 പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ 55 എണ്ണത്തിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികളിൽ 24 എണ്ണം തൻ വർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തുക വകയിരുത്തിയത് (എണ്ണം) | ചെലവഴിച്ചത് (എണ്ണം) | ചെലവഴിക്കാത്തത് (എണ്ണം) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| പുതിയ പദ്ധതികൾ | 127 | 55 | 72 | 43.30 |
| സ്പിൽ ഓവർ പദ്ധതികൾ | 99 | 75 | 24 | 75.75 |
| ആകെ | 226 | 130 | 96 | 57.52 |

2) ചെറിയ അടങ്കലുള്ള നിരവധി പ്രവൃത്തികൾ .

പദ്ധതികൾ പരിശോധിച്ചതിൽ ചെറിയ അടങ്കലുള്ള നിരവധി പ്രവൃത്തികൾ ആവിഷ്കരിച്ചതായി ബോദ്ധ്യപ്പെട്ടു. ഒരു ലക്ഷത്തിൽ താഴെയും 50000 ൽ താഴെയുമുള്ള പ്രവൃത്തികൾ ജോലിഭാരം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടെണ്ടർ നടപടികളിൽ നിന്നും കരാറുകാർ ഒഴിവാകുന്നതായും ഇതുമൂലം പദ്ധതി ഫണ്ട് യഥാസമയം വിനിയോഗിക്കാനാകാതെ ലാപ്സാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 87/2022-23 S.O<br>ആഞ്ഞിലിക്കുന്ന് ചക്കാണിക്കൽ സ്റ്റെപ്പ് നിർമ്മാണം | 89356 | 16483 |
| 2 | 340/കുടുംബശ്രീ ഓഫീസ് നവീകരണം | 50000 | 48035 |
| 3 | 446/നന്ദനാർ കോളനി കൈവരി നിർമ്മാണം | 30000 | 0 |
| 4 | 359/ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് | 50000 | 0 |
| 5 | 408/54 ാം അങ്കണവാടിയ്ക്ക് സ്റ്റെപ്പ് നിർമ്മാണം | 49000 | 0 |
| 6 | 410/കപ്പക്കര പാലമൂട് റോഡ് മെയിന്റനൻസ് | 49000 | 0 |
| 7 | 123/S.O, ചരിവുകാലായിൽപ്പടി വട്ടത്തുണ്ടിൽപ്പടി റോഡ് നടപ്പാത | 45000 | 0 |
| 8 | 86/S.O, മുരിങ്ങമംഗലം ഇടത്താവളത്തിൽ ശൗചാലയ നിർമ്മാണം | 60798 | 0 |
| 9 | 168/S.O, കൈതക്കുന്ന് സ്കൂൾ ടൊയ്‌ലെറ്റ് നവീകരണം | 75000 | 0 |
| 10 | 313/വടക്കടത്തുപടി തോണ്ടാത്തുപടി റോഡ് മെയിന്റനൻസ് | 40000 | 0 |

മേൽ വിവരിച്ച അപാകങ്ങളിന്മേൽ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/11-10-2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല. ചെറിയ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടറുകളിൽ കരാറുകാർക്ക് സ്വാഭാവികമായും പ്രവൃത്തി നിർവ്വഹിക്കുന്നതിനു ബുദ്ധിമുട്ടാകുന്നതിനാൽ ഇവ നടപ്പാകാതെ വരുന്നുണ്ട്. ഈ പ്രവൃത്തികളുടെ ഫയൽ വർക്കുകളും മറ്റു ടെണ്ടർ/റീ ടെണ്ടർ നടപടിക്രമങ്ങളും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ പ്രവൃത്തി സമയം പാഴാക്കുന്നുണ്ട്. ഇതു മറ്റു പ്രവൃത്തികളെ സാരമായി ബാധിക്കുന്നതിനാലാണ് പുതിയ പ്രവൃത്തികൾ യഥാസമയം നടപ്പാകാതെ വരുന്നത്. ഇതുമൂലം സർക്കാർ അലോട്ട് ചെയ്യുന്ന തുക ഗ്രാമപഞ്ചായത്തിനു യഥാസമയം ചെലവഴിക്കാൻ കഴിയുന്നില്ല. ഭരണസമിതി ഈ വിഷയം ഗൗരവമായി എടുക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ വർഷാവർഷം ചെലവഴിക്കേണ്ട കോടിക്കണക്കിനു രൂപ നഷ്ടമാകാതെയിരിക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 കൃഷി ഭവൻ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനായില്ല.

2020-21, 2021-22, 2022-23 എന്നീ മൂന്നു സാമ്പത്തിക വർഷങ്ങളിലായി നിർമ്മാണം നടത്തിയിട്ടും കൃഷി ഓഫീസ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നു ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കൃഷി ഭവൻ കെട്ടിട നിർമ്മാണത്തിനു ആകെ 28.26 ലക്ഷം രൂപ (₹2826893) ഇതു വരെ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള കൃഷി ഭവൻ ഓഫീസ് വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിൽ വലിയതോതിലുള്ള ചോർച്ച ഉള്ളതിനാൽ ജീവനക്കാരും പൊതുജനങ്ങളും ദുരിതത്തിലുമാണ്.



(നിർമ്മാണം നടക്കുന്ന കൃഷി ഓഫീസ് കെട്ടിടം)

നിർമ്മാണം നടക്കുന്ന കൃഷി ഓഫീസ് കെട്ടിടത്തിനായി നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2020-21 | 2021-22 | 2022-23 |
|---|---|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 234/2020-21, കൃഷി ഓഫീസ് നിർമ്മാണം | 102/2021-22, കൃഷി ഓഫീസ് നിർമ്മാണം (കോന്നി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി) | 377/2021-22, SO 166/2022-23 കൃഷി ഓഫീസ് കെട്ടിട നിർമ്മാണം-രണ്ടാം ഘട്ടം |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1000000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1000000 | വികസന ഫണ്ട് -ജനറൽ - 1500000 |

| | | | |
|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 1000000<br>ആകെ – 2000000 | | |
| തുക ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 855091<br>(ബിൽ നം.463/10.03.2021) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹800470 | 1171332 (ബിൽ നമ്പർ. 313/20.02.2023) |
| കരാറുകാരൻ | ശ്രീ മുഹമ്മദ് അനീസ് | ശ്രീ മുഹമ്മദ് അനീസ് | ശ്രീ റ്റി എ നിസാർ |

ആദ്യ ഘട്ടത്തിൽ 20 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കുകയും ശ്രീ മുഹമ്മദ് നിസാർ ₹1451209 രൂപയുടെ കരാറിൽ (ജി എസ് ടി ഒഴികെ) ഏർപ്പെടുകയും ഫൈനൽ ബിൽ തുക 2020-21, 2021-22 കാലഘട്ടത്തിൽ നൽകുകയും ചെയ്തിരുന്നു. എന്നാൽ 2021-22 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നില്ല. പകരം ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് തുക ചെലഴിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട് ആയി (281/2021-22) ₹1144909 പദ്ധതി വയ്ക്കുകയും (ബ്ലോക്ക് വിഹിതം -1000000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 144909) എം ബുക്ക് നമ്പർ 132, 132 A എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 800470 രൂപ ചെലവഴിച്ചതായും അറിയിച്ചു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ, എം ബുക്ക് എന്നിവ ഓഡിറ്റിനു ഹാജരാക്കിയിരുന്നില്ല. ആയത് പരിശോധനയ്ക്കായി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയിൽ പറയുന്ന പ്രൊജക്ട് നമ്പർ 281/2021-22 എന്ന പദ്ധതി ആ വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ പ്രൊജക്ട് നമ്പർ 102/2021-22 പ്രകാരം രണ്ടു ഘട്ടങ്ങളിലായി ₹800470 രൂപ കൃഷി ഓഫീസ് നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. (₹288102, ₹512368)

രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് പ്രകാരവും ശ്രീ റ്റി എ നിസാറുമായി ഏർപ്പെട്ട കരാർ (നം.002/27.07.2022) പ്രകാരവും വൈദ്യുതീകരണവും വാട്ടർ കണക്ഷനും നിർവ്വഹിക്കണം എന്ന വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ കരാറുകാരൻ ഇത് പൂർത്തീകരിച്ചിട്ടില്ല. അതിനാൽ പാർട്ട് ബിൽ മാത്രം നൽകി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനു അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടിരുന്നു. (നം.24/11-10-2023). എന്നാൽ കരാർ പ്രകാരം വൈദ്യുത കണക്ഷനും വാട്ടർ കണക്ഷനും ഒഴിവാക്കിയാണ് ടെണ്ടർ നൽകിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകി. ഈ വിഷയം ഭരണസമിതി തലത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്.

കൃഷി ഓഫീസിന്റെ നിർമ്മാണം പൂർത്തീകരിച്ചതായും KSEB യിൽ നിന്നും വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനു വേണ്ടി കെട്ടിടത്തിനു നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് 04-08-2023 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നു. ഇത് പ്രകാരം KP 14/330 B എന്ന കെട്ടിട നമ്പർ കൃഷി ഓഫീസിനു ലഭ്യമായിട്ടുണ്ട്.

വൈദ്യുതീകരണത്തിനും പ്ലമ്പിംഗ് വാട്ടർ കണക്ഷൻ എന്നീ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. കൃഷി ഓഫീസ് കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനു ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പൊതുടാപ്പുകളുടെ വെള്ളക്കരം 26.01 ലക്ഷം

പ്രവർത്തന ക്ഷമമല്ലാത്ത പൊതു ടാപ്പുകൾക്ക് വർഷങ്ങളായി വെള്ളക്കരം നൽകുന്നതിലൂടെ വൻ നഷ്ടമാണ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ളത്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഗ്രാമപ്പഞ്ചായത്തിൽ നിലവിൽ 370 പൊതു ടാപ്പുകളുണ്ട്. വെള്ളക്കരം ഇനത്തിൽ ഓരോ മാസവും 448903 രൂപയാണ് പഞ്ചായത്ത് ചെലവഴിക്കുന്നത്. എന്നാൽ ടാപ്പുകളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണെന്നും, പൊതുജനങ്ങൾക്ക് ഇവകൊണ്ട് യാതൊരുവിധ പ്രയോജനവുമില്ലെന്നും 25.01.2022-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്തതായും, ഉപയോഗക്ഷമമല്ലാത്ത പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് ഒരു സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചതായും മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സംയുക്ത പരിശോധന നടത്തുന്നതിനുവേണ്ടി ഒരു ജീവനക്കാരനെയും, വാഹനവും ഗ്രാമപ്പഞ്ചായത്ത് ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു.

03-03-23 തീയതി നടന്ന അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ, വാർഡ് ജനപ്രതിനിധികൾ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട 119 ടാപ്പുകൾ ഒഴികെയുള്ള പൊതുടാപ്പുകൾ റദ്ദാക്കുന്നതിനും ആയതിന് ആവശ്യമായ ചെലവ് വാട്ടർ അതോറിട്ടി അറിയിക്കുന്ന മുറക്ക്

ഒടുക്കു വരുത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ഈ വിവരം 22-03-2033 ലെ എ4-597/22 നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്തു.

119 ടാപ്പുകൾ ഒഴികെയുള്ള പൊതുടാപ്പുകൾ റദ്ദാക്കുന്നതിനുള്ള തുടർ നടപടികൾക്കുള്ള എസ്റ്റിമേറ്റ് തുകയായ 382905.01 രൂപ കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കു വരുത്തേണ്ടതാണെന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ടി തുക നാളിതുവരെ ഒടുക്കു അടയ്ക്കാത്തതിന് കാരണം അന്വേഷിച്ച് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ (ഓഡിറ്റ് എൻക്വയറി നമ്പർ 13/06-10-23) കേരള വാട്ടർ അതോറിട്ടിയിൽ തുക ഒടുക്കു വരുത്തിയിട്ടുണ്ട്.

പ്രവർത്തന രഹിതമായ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് കേരള വാട്ടർ അതോറിട്ടിയുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും. വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ- വൗച്ചറുകൾ ആധികാരികമല്ല

വൗച്ചറുകൾ പരിശോധിച്ചതിൽ നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും സർക്കാർ ഉത്തരവുകളും നടപടി ക്രമങ്ങളും പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് നടത്തിയിട്ടുള്ളതായി കാണുന്നു. ക്രമവിരുദ്ധമായ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കോന്നി നാരായണപുരം മാർക്കറ്റിലെ ഇറച്ചിക്കടക്ക് പിന്നിൽ കിടന്നിരുന്ന മാലിന്യങ്ങൾ ജെ.സി.ബി, ടിപ്പർ എന്നിവ ഉപയോഗിച്ച് നീക്കം ചെയ്യുക, കോന്നി മൃഗാശുപത്രിയുടെയും റ്റേക്ക്-എ- ബ്രേക്ക് ബിൽഡിംഗിന്റേയും പരിസരത്തെ മാലിന്യം ജെ.സി.ബി ഉപയോഗിച്ച് നീക്കം ചെയ്യുക എന്നീ പ്രവർത്തികൾ ചെയ്ത ഇനത്തിൽ ശ്രീ അഷ്റഫ് കെ, എ വ്യൂ മൻസിൽ, കോന്നി എന്ന വ്യക്തിക്ക് താഴെപ്പറയും പ്രകാരം പ്രതിഫലത്തുക നൽകിയിട്ടുണ്ട്.

തുക - 39360, ചെക്ക് നം/ തീയതി - 532005/ 25-05-22
തുക - 6160, ചെക്ക് നം/ തീയതി - 532310/ 29-06-22

ജെ.സി.ബി പ്രവർത്തിപ്പിച്ച സമയം, എത്ര അളവിൽ മാലിന്യം നീക്കം ചെയ്തു, ടിപ്പർ ഓടിയ ദൂരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വൌച്ചറിനോടൊപ്പം ഹാജരാക്കിയില്ല. പ്രവൃത്തി നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി ഇല്ല. ടി അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 14/10.10.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 45520 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രവർത്തികൾ നടത്തുമ്പോൾ ആവശ്യമായ എല്ലാ രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രം തുക ചെലവ് ചെയ്യുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കുടിവെള്ള വിതരണം- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം രൂക്ഷമായ പ്രദേശങ്ങളിൽ ജലസംഭരണ കേന്ദ്രത്തിൽ നിന്നും ജലം ടാങ്കിൽ പൂർണമായി നിറച്ച് പഞ്ചായത്ത് നിർദ്ദേശിക്കുന്ന കേന്ദ്രങ്ങളിൽ എത്തിച്ച് പ്രദേശവാസികൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് ക്ഷണിച്ച ക്വട്ടേഷനിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ ജയപ്രകാശ് ആർ, ശാന്തി മന്ദിരം, അരുവാപ്പുലം എന്ന വ്യക്തിക്ക് വർക്ക് ഓർഡർ നൽകി. ക്വട്ടേഷൻ പ്രകാരമുള്ള നിരക്ക് താഴെപ്പറയും പ്രകാരമാണ്.

2000 Ltr/hr – Rs 97, 3000 Ltr/hr - Rs 154, 5000 Ltr/hr - Rs 220

കുടിവെള്ള വിതരണം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് 18-03-22 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ ജയപ്രകാശ്. ആർ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 16.04.22 മുതൽ 04.05.22 വരെ കാലയളവിൽ വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം 1100000 രൂപ ടിയാന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്.

| കുടിവെള്ള വിതരണം നടത്തിയ കാലയളവ് | ചെക്ക് നം , തീയതി | തുക |
|---|---|---|
| 01-04-2022 മുതൽ 10-04-2022 വരെ | 353302/13-04-2022 | 582111 |
| 11-04-2022 മുതൽ 04-05-2022 വരെ | 531566/18-05-2022 | 517889 |
| ആകെ | | 1100000 |

KL03Y 6899, KL25A 8272, KL33H 5887 എന്നീ നമ്പരോട് കൂടിയ വാഹനങ്ങളിൽ കുടിവെള്ളം സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിന്റെ 23-02-2017 ലെ സാ.ഉ(സാധാ)787/2017/ഡി.എം.ഡി നമ്പർ

ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽനിന്നോ, വാട്ടർ അതോറിറ്റി അംഗീകരിച്ച സ്വകാര്യ ശുദ്ധജല സ്രോതസ്സുകളിൽനിന്നോ എടുക്കുന്ന ജലത്തിന് പണം നൽകേണ്ടതില്ല. സ്വകാര്യ ശുദ്ധജല സ്രോതസ്സുകളാണ് ഉപയോഗപ്പെടുത്തുന്നതെങ്കിൽ ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 34 (ജെ) പ്രകാരം ഈ സ്രോതസ്സുകളെ വരൾച്ചാ പ്രതിരോധത്തിനായി ഏറ്റെടുത്തുകൊണ്ട് നടപടിക്രമം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ പുറപ്പെടുവിക്കേണ്ടതാണ്. സ്വകാര്യ ശുദ്ധജല സ്രോതസ്സുകളിലെ ജലം കുടിക്കുവാൻ യോഗ്യമാണോ എന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ സുരക്ഷാ വകുപ്പോ, ആരോഗ്യവകുപ്പോ, സി.ഡബ്ല്യു.ആർ.ഡി.എം ഓ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കിയില്ല.

ജലവിതരണം നടത്തി എന്നതിന്റെ തെളിവായി പ്രദേശത്തെ വാർഡ് മെമ്പറും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും വില്ലേജ് ഓഫീസറും ദൈനംദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശവും ജലവിതരണം നടത്താനുപയോഗിച്ച വാഹനത്തിന്റെ വാടക, വാഹന ഉടമസ്ഥർക്ക് നൽകുന്നത് ജി.പി.എസ് ലോഗും ഖണ്ഡിക 4 (ഐ) യിൽ പ്രതിപാദിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റും ഒത്തു നോക്കി കിലോമീറ്റർ ജി.പി.എസ് ലോഗിൽ നിന്നും നിർണ്ണയിച്ചതിന് ശേഷം ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ട് എന്നത് ഉറപ്പു വരുത്തിയതിന് ശേഷമായിരിക്കണം എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. KL03Y 6899, KL25A 8272, KL33H 5887 എന്നീ നമ്പർ വാഹനങ്ങളുടെ 11-04-2022 മുതൽ 04-05-2022 വരെയുള്ള ജി.പി.എസ് റിപ്പോർട്ട് പരിശോധിച്ചതിൽ സ്റ്റാർട്ട് അഡ്രസും എൻഡ് അഡ്രസും പഞ്ചായത്ത് പരിധിക്കുപുറത്തുള്ള പ്രദേശങ്ങളാണെന്ന് കാണുന്നു. ടി വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് മെമ്പർമാർ സമർപ്പിച്ച സാക്ഷ്യപത്രത്തിൽ ഏതൊക്കെ തീയതികളിലാണ് കുടിവെള്ളം വിതരണം ചെയ്തതെന്ന് വ്യക്തമാക്കിയിട്ടില്ല. വാഹനങ്ങളുടെ GPS ലോഗും ട്രിപ്പ് ഷീറ്റുമായി ലൊക്കേഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ടി ദിവസങ്ങളിൽ കുടിവെള്ള വിതരണം നടന്നിട്ടുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല.

ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം അരുവാപ്പുലം എന്ന സ്ഥലത്തു നിന്നും യാത്ര ആരംഭിച്ചിട്ടുള്ളതായി കാണുന്നു. ജി.പി.എസ് ലോഗ് പ്രകാരം കോഴഞ്ചേരി എന്ന സ്ഥലത്തു നിന്നും യാത്ര ആരംഭിച്ചിട്ടുള്ളതായി കാണുന്നു. യഥാർഥത്തിൽ ഏതു സ്ഥലത്തു നിന്നുമാണ് വാഹനം യാത്ര ആരംഭിച്ചതെന്ന് വ്യക്തമല്ല. ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം അരുവാപ്പുലം എന്ന സ്ഥലത്തു നിന്നും ഉള്ള ദൂരമാണ് എടുത്തിട്ടുള്ളത്. ഇവിടെ നിന്നും പഞ്ചായത്ത് പ്രദേശത്തേക്ക് രാവിലെയും വൈകിട്ട് തിരിച്ചുമുള്ള യാത്രകളുടെ ദൂരം വാഹനവാടക കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. കുടിവെള്ള വിതരണം ചെയ്യേണ്ട സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് നിശ്ചയിച്ചത് സംബന്ധിച്ച രേഖകളില്ല. ജലവിതരണം ചെയ്തത് ഏതെല്ലാം തീയതികളിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

50000 രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന പദ്ധതികൾ ടെണ്ടർ/ ഇ-ടെണ്ടർ നടപടികളിലൂടെയാണ് നടപ്പാക്കേണ്ടത്. എന്നാൽ ടി നിർദ്ദേശം പാലിക്കാതെ ക്വട്ടേഷൻ നടപടികളിലൂടെയാണ് കുടിവെള്ള വിതരണത്തിനുള്ള ആളെ കണ്ടെത്തിയിരിക്കുന്നത്. ആയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2022-23 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടിവെള്ള വിതരണത്തിനായി, വേനൽക്കാലത്ത് കുടിവെള്ള വിതരണം (SO 456/22) എന്ന പദ്ധതിക്കായി 1000000 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് വന്നിട്ടില്ല. എന്നാൽ ബിൽ രജിസ്റ്റർ പ്രകാരം 1100000 രൂപ ടിയിനത്തിൽ ചെലവുണ്ട്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 37/13-10-23), സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 1100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും സുതാര്യവും കാര്യക്ഷമവുമായി കുടിവെള്ള വിതരണം നടത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം- അപാകതകൾ

2022-23 വർഷം അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഠനമുറി നിർമ്മാണം പ്രോജക്ടിൽ കുമാരി ആർദ്രാ ഗിരീഷ്, ശ്രീ ചന്ദ്രകാന്ത്, ശ്രീ അഭിഷേക് ജ്യോതിഷ്, കുമാരി പാർവതി എന്നിവർക്ക് ധനസഹായം നൽകിയിട്ടുണ്ട്. പണം കൈപ്പറ്റിയ മേൽ പറഞ്ഞ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച മുദ്രപത്രത്തിൽ ഒന്നും തന്നെ ഗുണഭോക്താക്കളും, നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ തയ്യാറാക്കി ഒപ്പുവച്ചിട്ടില്ല. ആയത് സംബന്ധിച്ച് 12-10-23 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28 ന നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. തുക കൈപ്പറ്റി, പഠനമുറി നിർമ്മാണം പൂർത്തീകരിച്ച

ഗുണഭോക്താക്കളിൽ നിന്നും കംപ്ളീഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-36 പത്രപ്പരസ്യം നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച്

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ (അച്ചടി) 01/04 ഐ ആന്റ് പി.ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി. ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ (24cm2) വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം അധികചെലവ് ഉണ്ടായതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം, പത്രത്തിന്റെ പേര് | പരസ്യ ബിൽ നമ്പർ, തീയതി | നൽകിയ പരസ്യത്തിന്റെ വലിപ്പം |
|---|---|---|---|
| 1 | മാതൃഭൂമി | 321000024936/09-06-22 | 8x5 |
| 2 | മാധ്യമം | 89062/19-10-21 | 5x7.9 |
| 3 | വീക്ഷണം | 65558/28-02-22 | 6x8 |
| 4 | മാധ്യമം | 89132/30-10-22 | 5x7.9 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 9/07.10.2023) ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ പഞ്ചായത്തിന്റെ പേര്, വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ എന്നിവയും ദർഘാസ് സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ച് പരമാവധി കുറഞ്ഞ വലിപ്പത്തിലാണ് പരസ്യം നൽകിയിട്ടുള്ളതെന്നും ഇനി മുതൽ പരസ്യം നൽകുമ്പോൾ 24 CM2 ൽ അധികമാകാതെ നൽകുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് വേണ്ടി വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ടാണ് ഇത്തരത്തിൽ അധികമായി ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം ഭാവിയിൽ പത്രപ്പരസ്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.   ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 ലാപ്ടോപ് വിതരണം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായ പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം (പ്രോജക്ട് നമ്പർ 347/23) എന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ലാപ്ടോപ് കൈപ്പറ്റിയ ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല. ലാപ്ടോപ് കൈമാറ്റം ചെയ്യുന്ന പക്ഷം പിഴ പലിശ അടക്കം ചെലവ് തുക തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു.

2. സ്റ്റോക്ക് രജിസ്റ്ററിൽ ലാപ്ടോപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ (വില, സ്പെസിഫിക്കേഷൽ, വാറണ്ടി) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 17/11.10.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ ചെലവിനാധാരമായ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ (പ്രൊജക്ട് നമ്പർ 351/23) എന്ന പദ്ധതി പ്രകാരം 30000 രൂപ (ബിൽ നമ്പർ 2205105201070070479З/28/10/22) സി.ഡി.എസിന് നൽകിയിട്ടുണ്ട്. ടി തുകയുടെ ചെലവിനാധാരമായ രേഖകൾ പരിശോധനക്കായി ഓഡിറ്റിൽ ഹാജാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/11.10.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി സമർപ്പിച്ചിട്ടില്ല. ചെലവിനാധാരമായ രേഖകൾ പരിശോധനക്കായി ഓഡിറ്റിൽ ഹാജാക്കാത്തതിനാൽ ചെലവു തുകയായ 30000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് പരിശോധനക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-39 മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നു ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്ട് നം. | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക | പെർഫോർമ ഇൻവോയ്സ് നമ്പർ/തീയതി | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 11/23 | 28325 | PRF4874/01.03.23 | - | 28325 |
| 11/23 | 200000 | PRF2652/25.11.22 | - | 200000 |
| 393/23 | 53841 | PRF3800/20.01.2023 | - | 53841 |
| 361/23 | 117124 | PRF5681/24.03.23 | 67798 | 49326 |
| | | | ആകെ തുക | 331492 |

## 1-40 സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28/05/22 ലെ സ.ഉ.കൈ. 115/22/ത സ്വ ഭ വ(7.8.8) നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി (ജനറൽ), (പ്രോജക്ട് നമ്പർ - 174/23) ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി (പട്ടിക വിഭാഗം) (പ്രോജക്ട് നമ്പർ 175/23) എന്നിവയുടെ നടത്തിപ്പ് സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വിഭാഗം | നൽകിയ തുക | കരാർ വെച്ച തീയതി |
|---|---|---|---|---|
| 1 | സുനിൽ വി.സി, വാഴവിളയിൽ, അട്ടച്ചാക്കൽ | എസ്.സി | 360000 | 11-04-21 |
| 2 | സന്തോഷ് രാജൻ, പുത്തൻ വീട്, ചെങ്ങറ | എസ്.സി | 200000 | 11-04-21 |
| 3 | ഓമന/ബാലൻ, പുതുവേലിൽ കിഴക്കേതിൽ, വകയാർ | എസ്.സി | 36000 | 01-02-21 |
| 4 | സുഷമാ മണി, വാഴവിളയിൽ, വകയാർ | എസ്.സി | 4000 | 01-02-21 |
| 5 | പ്രീതി. പി.എം, പുത്തൻകുഴി മുരുപ്പേൽ, മങ്ങാരം | എസ്.സി | 360000 | 05-02-21 |
| 6 | മുത്തുലക്ഷ്മി, വെസ്റ്റ് ഡിവിഷൻ, കോന്നി എസ്റ്റേറ്റ് | എസ്.സി | 200000 | 25-03-21 |
| 7 | മോഹനൻ, തെങ്ങടയിൽ, ഞല്ലൂർ | എസ്.സി | 300000 | 10-09-21 |
| 8 | പ്രസാദ്, മുട്ടത്ത് വീട്,അതുമ്പുംകുളം | എസ്.സി | 40000 | 11-09-21 |
| 9 | കൃഷ്ണകുമാരി കെ.കെ, കാടം കുന്നിൽ, പെരിഞ്ഞോട്ടക്കൽ | എസ്.സി | 300000 | 19-11-29 |

| | | | | |
|---|---|---|---|---|
| 10 | രാജമ്മ, പത്തലുകുത്തിയിൽ വീട്, പയ്യനാമൺ | എസ്.സി | 300000 | 29-09-22 |
| 11 | വസന്ത കൃഷ്ണൻകുട്ടി, ഉണ്ടിൽ പറമ്പിൽ, അട്ടച്ചാക്കൽ | എസ്.സി | 40000 | 25-10-22 |
| 12 | എസ്. സൈമൺ, കുമ്പഴ എസ്റ്റേറ്റ്, മലയാലപ്പുഴ | ജനറൽ | 300000 | 13-09-21 |
| 13 | സുധീർ. കെ.എസ്, കാളന്റെ ചരുവിൽ, മങ്ങാരം | ജനറൽ | 40000 | 25-11-21 |
| 14 | സുധ, കൊല്ലം പറമ്പിൽ, മാമ്മൂട് | ജനറൽ | 40000 | 09-12-21 |
| 15 | സുശീല കുമാരി, ഗായത്രി ഭവൻ, മങ്ങാരം | ജനറൽ | 40000 | 02-02-22 |
| 16 | ജയ .എസ്. നായർ, അഭിജിത്ത് ഭവൻ, മുരിങ്ങമംഗലം | ജനറൽ | 40000 | 12-08-22 |
| 17 | തിലകമ്മ, പുത്തൻ വീട്, പയ്യനാമൺ | ജനറൽ | 40000 | 29-08-22 |
| 18 | അരവിന്ദ് രാജ്, വേങ്ങ നിൽക്കുന്നതിൽ, പയ്യനാമൺ | ജനറൽ | 40000 | 19-01-23 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/05-10-23) എത്രയും വേഗം വീട് നിർമ്മാണം പൂർത്തീകരിക്കണമെന്ന് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളെ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിരമായി ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-42 സദ്ഭരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

19 -4 -22 ലെ സ ഉ (കൈ )84 /2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപവും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.(1)). ഇതിൽ പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച, ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണുന്നതിനും (6.9(2)). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കുന്നതിനും നിർദ്ദേശമുണ്ട്. (6.9(3)). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6 .9(6), 6 .9(7) )എന്നും മാർഗരേഖ നിർദ്ദേശിക്കുന്നുണ്ട്. മാർഗരേഖ അനുശാസിക്കും പ്രകാരമുള്ള സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 1-43 ഹരിതകർമ്മസേനയ്ക്ക് ലഭിച്ച ഇലക്ട്രിക്ക് മുച്ചക്ര വാഹനം ഉപയോഗിക്കുന്നില്ല

2022-23 വർഷം ജില്ലാ പഞ്ചായത്തിന്റെ സമ്പൂർണ്ണ ശുചിത്വ പദ്ധതി മുഖേന ഗ്രാമപഞ്ചായത്തിന് ഒരു ഇലക്ട്രിക്ക് മുച്ചക്ര വാഹനം ലഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായാണ് വാഹനം നൽകിയിട്ടുള്ളത്. എന്നാൽ ടി വാഹനം നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ഹരിതകർമ്മസേനയിൽ മുച്ചക്ര വാഹനം ഓടിക്കുന്നതിന് ഡ്രൈവിംഗ് ലൈസൻസ് ഉള്ള അംഗങ്ങൾ ഇല്ലാത്തതിനാലാണ് ഇത് ഓടിക്കാത്തത്. നിലവിൽ വാടകയ്ക്ക് വാഹനം എടുത്താണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം നടത്തുന്നത്. ടി വാഹനം പ്രയോജനപ്പെടുത്താനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 ദുരിതാശ്വാസനിധി ക്രിയാത്മകമാക്കേണ്ടതാണ്

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടം3 നിഷ്കർഷിക്കുന്നുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ

ഗ്രാമ പഞ്ചായത്തിൽ 17-01-2012 ൽ രൂപീകൃതമായ ദുരിതാശ്വാസനിധിയിൽ ആകെ 5039/- രൂപ മാത്രമാണുള്ളത്. പ്രകൃതി ക്ഷോഭങ്ങളുടെ ഇക്കാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. ചട്ടം നിർദ്ദേശിക്കുന്ന രീതിയിലൂടെ നിധിയിലേക്ക് ധനസമാഹരണം നടത്തേണ്ടതും നിധി ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവ്-ചിലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിലെഴുതേണ്ടതും വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്ററും, സബ്കമ്മിററി യോഗനടപടികൾക്ക് മിനിററ്സ് എഴുതി സൂക്ഷിക്കേണ്ടതുമാണ്. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-45 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി- ചട്ടങ്ങൾ പാലിക്കുന്നില്ല

ഉയർന്ന ആയുർദൈർഘ്യവും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും ദീർഘകാല രോഗങ്ങളുടെയും മാറാരോഗങ്ങളുടെയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടെയും തോത് ഗണ്യമായി വർധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യങ്ങളെ ക്രിയാത്മകമായി നേരിടുന്നതിന് വേണ്ടി രൂപീകൃതമായ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി 07.03.2019 ലെ സ.ഉ(സാധാ)നം. 553/2019 /ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പരിഷ്കരിച്ച് സർക്കാർ ഉത്തരവായി.

മേൽ പറഞ്ഞ മാർഗ്ഗരേഖ 2.9.1 പ്രകാരം പദ്ധതി നടത്തിപ്പിനായി ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖ 2.9.2 പ്രകാരം കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തനാവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗങ്ങളിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

മാർഗ്ഗരേഖ 2.9.3 പ്രകാരം എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വച്ച് നടത്തേണ്ടതാണ്. ഈ യോഗത്തിൽ ആയുഷ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ, ആശാപ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുകയും ടി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും വേണം.

2022-23 വർഷം കോന്നി പഞ്ചായത്തിലെ പി എം സി 12.10.2022 ൽ മാത്രമാണ് കൂടിയിട്ടുള്ളത്. വരും വർഷങ്ങളിൽ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം പി എം സി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-46 ഫോറം 7 A ക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല

2011 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഫോറം 7 A ക്യാഷ് ബുക്കിൽ എല്ലാ സ്രോതസ്സിൽ നിന്നുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1.മെഡിക്കൽ ഓഫീസർ (CHC)

2. കൃഷി ഓഫീസർ

3.ഹെഡ്മാസ്റ്റർ
4.വെറ്റിനറി സർജൻ

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

## 1-47 കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്

19-04-22 ലെ സ ഉ(കൈ)നം 84/2022/ ത സ്വ ഭ വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജന പ്രകൃതി, സമ്പദ് വ്യവസ്ഥ എന്നിവ സംബന്ധിച്ച പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനം മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട്(7.3.2).
ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കൽ, കാർബൺ ബഹിർഗമനം കുറയ്ക്കൽ, ദുരന്ത

ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമാക്കണം. ഇപ്രകാരമൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.3/11.09.2023) മറുപടിയായി, 2022-23 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ മണ്ണിടിച്ചിൽ ഉള്ള പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പ്രോജക്റ്റിൽ തുക വകയിരുത്തുകയും നടപ്പിലാക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. കിലയുമായി ബന്ധപ്പെട്ട് പ്രാദേശിക കർമ്മ പദ്ധതിയുടെ നടത്തിപ്പിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-48 തൊഴിലുറപ്പ് പദ്ധതി- സാമൂഹ്യ വനവത്കരണം പദ്ധതി ലക്ഷ്യം കണ്ടില്ല

തൊഴിലുറപ്പ് പദ്ധതിയിൽ വൃക്ഷത്തൈ നടീലും സാമൂഹ്യ വനവത്ക്കരണവും (വാർഡ് 4) എന്ന പ്രവൃത്തിക്കായി 381302 രൂപ ചെലവഴിച്ചിട്ടുണ്ട്. 4000 എണ്ണം വൃക്ഷത്തൈകൾ നടുന്നതിനായി വേതനമിനത്തിലാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ തൈകൾ നടുന്നതിനും വേലി കെട്ടുന്നതിനുമായി ചെലവഴിച്ചത് യഥാക്രമം 12400 രൂപയും 2253360 രൂപയുമാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ 200 എണ്ണം തൈകൾ മാത്രമാണ് ഇപ്പോഴുള്ളതെന്ന് കാണാൻ കഴിഞ്ഞു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/13.10.2023) മറുപടിയായി പ്രവൃത്തി പൂർണ്ണമായും ചെയ്തിട്ടുള്ളതാണെന്നും പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളും വാർഡ് മെമ്പറും സോഷ്യൽ ഓഡിറ്റ് ടീമും സൈറ്റ് സന്ദർശിച്ച് പ്രവൃത്തി തൃപ്തികരമാണെന്ന് സൈറ്റ് ഡയറിയിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. തൊഴിലാളികൾ 100 ദിനം തൊഴിൽ പൂർത്തിയാക്കിയതിനാൽ വേനൽ സമയത്ത് പരിപാലനത്തിനുള്ള പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കുമായിരുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം നേടാൻ സമഗ്രമായ ആസൂത്രണം ഉണ്ടാവണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-49 സൈൻ ബോർഡുകൾ പുനരുപയോഗിക്കുന്നില്ല

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും സൈൻ ബോർഡുകൾ സ്ഥാപിക്കുകയും അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. 2022-ൽ ഈ ഇനത്തിൽ 60070 രൂപ ചെലവഴിച്ചിട്ടുണ്ട്. സൈൻ ബോർഡുകൾ ശബരിമല സീസണിനു ശേഷം പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചു വെക്കുകയാണെങ്കിൽ തുടർ വർഷങ്ങളിൽ ആയത് പുനരുപയോഗിക്കാവുന്നതും വർഷം തോറും ടിയിനത്തിലുള്ള ആവർത്തനച്ചെലവ് ഒഴിവാക്കാവുന്നതുമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-50 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങൾ, നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവർ, തുടർന്നും സേവനം അർഹരായവരുമായ ഗുണഭോക്താക്കൾ എന്നിവരെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് 'അഗതിരഹിത കേരളം' എന്ന പദ്ധതി ആവിഷ്കരിച്ചത്. 10.3.2019 ലാണ് കോന്നി ഗ്രാമപ്പഞ്ചായത്തിന്റെ അഗതിരഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. 10656116 രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| ഭക്ഷണം | 92 | 2252400 | 2750299 |
| ചികിത്സ ധനസഹായം | 29 | 43500 | 0 |
| വീട് നിർമ്മാണം | 8 | 3200000 | 400000 |
| വസ്തു വാങ്ങാൻ ധനസഹായം | 32 | 750000 | 0 |
| വീട് മെയിന്റനൻസ് | 25 | 3200000 | 0 |
| വൈദ്യുതികരണം | 1 | 10000 | 0 |
| കുടിവെള്ളം | 10 | 100000 | 0 |
| കക്കൂസ് നിർമ്മാണം | 5 | 50000 | 0 |
| വസ്ത്രം | 92 | 276000 | 0 |
| തൊഴിൽ പരിശീലനം | 46 | 225000 | 0 |
| പെൻഷൻ | 20 | 9800 | 0 |
| കൗൺസിലിംഗ് | 25 | 30000 | 0 |
| പലവക | 92 | 45000 | 2375 |

| | | | |
|---|---|---|---|
| മെഡിക്കൽ ക്യാമ്പ് | 92 | 150000 | |
| വിദ്യാഭ്യാസം | 14 | 210000 | 0 |
| റിസർവ് ഫണ്ട് | | 104416 | 0 |
| | ആകെ | 10656116 | 3152674 |

പദ്ധതിയുടെ ചെലവ് പൂർണ്ണമായും ഭക്ഷണ വിതരണത്തിനും, ഒരു ഗുണഭോക്താവിന് വീട് വെക്കുന്നതിനുള്ള ധനസഹായം നൽകിയതിലുമായി പരിമിതപ്പെട്ടിരിക്കുന്നു. രണ്ട് പേർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി അഞ്ചു പേർ നിലവിൽ ഭവനരഹിതരാണ്.

പദ്ധതിയുടെ വിവിധ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു- (31.3.2023 വരെ)

| ഇനം | വകയിരുത്തിയത് | ലഭിച്ചത് | ചെലവഴിച്ചത് |
|---|---|---|---|
| വികസന ഫണ്ട് | 3729641 | 1018104 | 710256 |
| ചലഞ്ച് ഫണ്ട് | 2088314 | 2310934 | 2310934 |
| ബ്ലോക്ക് പഞ്ചായത്ത് | 1598417 | 50000 | 50000 |
| ജില്ലാ പഞ്ചായത്ത് | 1065612 | 0 | 0 |
| സ്പോൺസർഷിപ്പ്, പലിശ | 2174312 | 81484 | 81484 |
| ആകെ | 10656296 | 379844 | 3152674 |

വികസനഫണ്ട് ഇനത്തിൽ നാളിതുവരെ 1018104 രൂപ ലഭ്യമായിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ തുക ലഭ്യമാക്കാൻ ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 50000 രൂപ മാത്രമാണ് ലഭ്യമായത്. ഭൂരഹിതരായ 32 പേരും വീടില്ലാത്ത അഞ്ചു പേരും പഞ്ചായത്തിന്റെ സഹായത്തിനായി കാത്തിരിക്കുന്നു എന്നത് പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മയാണ് ചൂണ്ടിക്കാട്ടുന്നത്. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുള്ള പദ്ധതി വിലയിരുത്തൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്ത് ഭരണസമിതിയും പദ്ധതിയുടെ നടത്തിപ്പിൽ താല്പര്യം കാണിക്കുന്നില്ല. എല്ലാ പദ്ധതികളിലും മുൻഗണന നൽകേണ്ടത് അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കാണ്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ അക്കൗണ്ടിൽ പണമില്ലാത്തതിനാൽ ഭക്ഷ്യധാന്യവിതരണവും തടസ്സപ്പെട്ടിരിക്കുകയാണ്. ഭക്ഷ്യധാന്യവിതരണം പുനസ്ഥാപിക്കുന്നതിന് പഞ്ചായത്ത് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-51 ഓഡിറ്റ് ഇംപാക്ട്

വാട്ടർ അതോറിട്ടിയുടെ 08-06-23 ലെ DBI-630/2021/22 Vol X നമ്പർ കത്ത് പ്രകാരം പഞ്ചായത്തിലെ 119 ടാപ്പുകൾ ഒഴികെയുള്ള പൊതുടാപ്പുകൾ റദ്ദാക്കുന്നതിനുള്ള തുടർ നടപടികൾക്കുള്ള എസ്റ്റിമേറ്റ് തുകയായ 382905.01 രൂപ കേരള വാട്ടർ അതോറിട്ടിയിൽ ഒടുക്കു വരുത്തേണ്ടതാണെന്ന് പഞ്ചായത്തിനെ അറിയിച്ചിരുന്നു. ടി തുക നാളിതുവരെ അടയ്ക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (ഓഡിറ്റ് എൻക്വയറി നമ്പർ 13/06.10.2023) അടിസ്ഥാനത്തിൽ ടി തുക പഞ്ചായത്ത് ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 450000 | അംഗനവാടി പോഷകാഹാര പദ്ധതി, 12/22-23 | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ലൈഫ് പാർപ്പിട സുരക്ഷ പദ്ധതി (പട്ടികവിഭാഗം),175 /22-23 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 229/22-23 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | ഞങ്ങളും കൃഷിയിലേക്ക് 239/22-23 | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | വാഴ കൃഷി വികസനം 240 /22-23 | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 144440 | തെങ്ങ് കൃഷി വ്യാപനം 241/22-23 | 144440 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ആശ്രയ പദ്ധതി 348/22-23 | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോഷർഷിപ്പ്, 355/22-23 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 900000 | ഭവന പുനരുദ്ധാരണം (ജനറൽ), 389/22-23 | 900000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 25000 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം- സംയുക്ത പദ്ധതി 423/22-23 | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 153697 | സ്മാർട്ട് അംഗനവാടി 454/22-23 | 153697 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | അംഗനവാടി പോഷകാഹാര പദ്ധതി, 12/22-23 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 480000 | ലൈഫ് പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ), 174 /22-23 | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 1140000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി (പട്ടിക വിഭാഗം), 175/22-23 | 1140000 | 0 |
| ജില്ലാ പഞ്ചായത്ത് | 70071 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, /22-23 | 70071 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, 22/23 | 894068 | 894068 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 23/23 | 200010 | 200010 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 29/23 | 347792 | 347792 | 0 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 381/23 | 777298 | 777298 | 0 |
| കേരള വാട്ടർ അതോറിറ്റി | പൊന്തനാംകുഴി പമ്പ് സെറ്റ് സ്ഥാപിക്കൽ, 440/23 | 1027493 | 1027493 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | 2297063 | ഇല്ല | 1643752 | | 653311 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2001-02 | IV.3.2(1) | അധികമായി സാധനങ്ങൾ വാങ്ങിയതിന് നൽകിയ തുക അംഗീകരിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| | IV.3.2(2) | വനിതാ സ്വയംതൊഴിൽ പദ്ധതി- അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി | പരാമർശം നിലനിൽക്കുന്നു |
| | IV.3.3(3) | പയ്യനാമൺ വേങ്ങതടിക്കൽ ലക്ഷംവീട് കോളനി റോഡ് ഉദ്ധാരണം - ക്രമക്കേട് | പരാമർശം നിലനിൽക്കുന്നു |

| | | | |
|---|---|---|---|
| 2016-17 | 2014-15<br>2-1 | തൊഴിൽ നികുതി - അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| | 2015-16<br>2-5 | തൊഴിൽ നികുതി - അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| | 2015-16<br>2-6 | തൊഴിൽ നികുതി - അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2018-19 | 2017-18<br>2-6 | ആധുനിക മത്സ്യ ചന്തയിലെ മത്സ്യ സ്റ്റാളുകൾ വ്യാപാരികൾ ഉപയോഗിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ),റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | 107828337 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48112398 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 131775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1412065 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക<br>സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 131775 | ശ്രീ ജോൺ വിക്ടർ B.L, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 236545 | ശ്രീ ജോൺ വിക്ടർ B.L, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 39360 | ശ്രീ. ജയപാലൻ ആർ, സെക്രട്ടറി |
| 1-33 | 6160 | ശ്രീ. C. P മുരളീ കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-34 | 1100000 | ശ്രീ. ജയപാലൻ ആർ, സെക്രട്ടറി |
| 1-38 | 30000 | ശ്രീ. C. P മുരളീ കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1412065 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ ജോൺ വിക്ടർ B.L, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോന്നി ഗ്രാമപഞ്ചായത്ത് | ജോണി വിലാസം , പെരിങ്ങമല, കല്ലിയൂർ P.O, Pin-695042 |
| ശ്രീ. ജയപാലൻ ആർ, സെക്രട്ടറി | വിരമിച്ചു | സുകൃതം, കരീപ്ര, കുഴിമത്തിക്കാട് പി.ഓ, കൊല്ലം |
| C P മുരളീ കൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചിതറ ഗ്രാമപ്പഞ്ചായത്ത്, കൊല്ലം | ലക്ഷ്മി ശ്രീ, ചെമ്മക്കാട്, പനയം, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം/തീയതി | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997 തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004 തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09 തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | 1 |
| 1997-98 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |
| 1998-99 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004 തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | എല്ലാ ഖണ്ഡികകളും |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | 1 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10<br>തീയതി 07-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11<br>തീയതി 06-12-11/03-07-12 | എല്ലാ ഖണ്ഡികകളും |
| 2008-09 മുതൽ<br>2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13<br>തീയതി 05-07-13 | 4 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13<br>തീയതി 03-1013 | 6 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14<br>തീയതി | 6 |
| 2013-14 &<br>2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15<br>തീയതി 15.10.2015 | 6 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016<br>തീയതി 16.01.2017 | 17 |
| 2016-17 | കെ.എസ്.എ പിറ്റിഎ.പി9-776/2017<br>തീയതി 04-07-2017 | 1 |
| 2017-18 | നം.കെ.എസ്.എ.പിറ്റിഎ.പി9/1140/2018<br>തീയതി 4.8.2018 | 19 |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി9/206/2020<br>തീയതി 7.5.2020 | 27 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി9 – 664 /2021<br>തീയതി 21 .10.2021 | 13 |
| 2020-21 | നം.കെ.എസ്.എ.പി.റ്റി.എ.പി9/665/2021<br>തീയതി . 22.10.2021 | 16 |
| 2021-22 | നം.കെ.എസ്.എ.പി.റ്റി.എ.പി9/ 1314/22<br>തീയതി 11.01.2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന ഖണ്ഡികയിന്മേലുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 8 dated 22-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KONNI Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KONNI Grama Panchayat for the year 2022-2023

Date: 22/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KONNI Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1.The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register

4. The closing balance showing in schedule B4 is not correct ICDS-320100796. An amount of Rs. 213666

expended under tis head not accounted.

5.. ACR has not been maintained for grant from suchitwa mission. So the accuracy of balance amount has not been ascertained.

6. The closing balance of health grant shown in schedule B4 is not accurate.

7. The closing balance of sabarimala grant shown in schedule B4 is not correct.

8. The closing balance of Jalanidhit shown in schedule B4 and P.B balance are not reconciled.

9. The closing balance of Central finance commission tied and untied grant has not been matched with passbook balance.

10. The accuracy of closing balance under the head Secured loan from state goverment has not been ascertained.

11. Secured loan from co-operative bank (E.M.S) showing in schedule B5 is not accurate. There is no balance amount pending for repayment.

12. Secured loan from KURDFC shown in schedule B5 is not accurate. Loan A/c is not regulated from 21-22 onwards.

13. Deposit register is not updated and hence the accuracy of figures shown in that head could not be ascertained.

14. The advance register is not maintainted. So the accuracy of amount shown under various advance head couldnot be ascertained.

15. Demand Register of properly tax does not match with AFS.

16. The arrear demand register for rent has not been maintained properly.

17. The accounting of prepaid programmed expenses is not correct.

18. The accuracy of the amount recorded under the head temporary advance for official purposes has not been ascertained.

19. The accuracy of the amount recorded as other advance has not been ascertained.

20. The amount deposited in various agencies has not been transferred as assets

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്